02
2025
മാർച്ച്
ഞായർ
കുംഭം 18

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.87 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-87 | പേജ് 4. വില 2.00 രൂപ




02 സൈബർ സുരക്ഷയിൽ കേരള പോലീസ് രാജ്യത്തിന് മാതൃക: മുഖ്യമന്ത്രി

03 വനിതകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കാൻ ഒരുമിച്ച് പ്രവർത്തിക്കണം : മുഖ്യമന്ത്രി

04 സർവകലാശാലകളുടെ അംഗീകാരം റദ്ദാക്കാനുള്ള അധികാരം യുജിസിക്ക് നൽകുന്നു

# തൃശൂർ പൂരം: പാളിച്ചകൾ ആവർത്തിക്കരുതെന്ന് മുഖ്യമന്ത്രി

മേയ് 6 ന് നടക്കുന്ന ഈ വർഷത്തെ തൃശ്ശൂർ പൂരത്തിന് മുന്നോടിയായി മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പൂരത്തിന് മുൻപ് സുരക്ഷ ആക്ഷൻ പ്ലാൻ രൂപീകരിക്കണമെന്ന് മുഖ്യമന്ത്രി നിർദേശം നൽകി. പൂരം നടത്തിപ്പിൽ ഒരു തരത്തിലുമുള്ള അനിശ്ചിതത്വവും വരാൻ പാടില്ലെന്നും ,ആചാരപരമായ കാര്യങ്ങൾക്ക് കോട്ടം തട്ടാത്ത വിധത്തിലും സുരക്ഷയിൽ വിട്ടുവീഴ്ച വരാത്ത വിധത്തിലുമായിരിക്കണം പൂരം നടക്കേണ്ടതെന്നും മുഖ്യമന്ത്രി കൂട്ടി ചേർത്തു.

പൂരം എക്സിബിഷന് വടക്കുംനാഥ ക്ഷേത്രമൈതാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തറവാടക പ്രശ്നം രമ്യമായി പരിഹരിക്കാൻ അദ്ദേഹം

ദേവസ്വം ബോർഡിന് നിർദേശം നൽകി. നേരത്തെ മുന്നോട്ടുവെച്ച ഒത്ത് തീർപ്പ് വ്യ



വസ്ഥ കൊച്ചിൽ ദേവസ്വം ബോർഡ് എത്രയും വേഗം ഹൈക്കോടതിയെ അറിയിക്കണം.

തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ജില്ലാ ഭരണ സംവിധാനം ഉറപ്പ് വരുത്തണം. സുരക്ഷാ മുൻകരുതലുകൾ, വെടിക്കെട്ട്, ആന എഴുന്നള്ളിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും കോടതി ഉത്തരവുകളും പാലിക്കപ്പെട്ടുന്നുണ്ടോ എന്ന് ജില്ലാ ഭരണ സംവിധാനം ഉറപ്പാക്കണം. പൂരം ദിവസങ്ങളിൽ വെടിക്കെട്ടു നടത്തുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങളും എക്സ്പ്ലോസിവ് നടപടികളും സ്വീകരിക്കണം. ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള പൂരത്തിന് ആവശ്യമായ ആനകളെ എഴുന്നള്ളിക്കുന്നതിനും ആനകളുടെ വിശ്രമം, പൊതുജന സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പോലീസുമായി ചേർന്ന് ഒരുക്കണം. കഴിഞ്ഞ വർഷം ഉയർന്നുവന്ന ആക്ഷേപങ്ങളും പരാതികളും ഈ വർഷം ഉണ്ടാകില്ലെന്ന് ഉറപ്പാക്കാനുള്ള ജാഗ്രത പാലിക്കണം. ഉത്സവം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതിന് ജില്ലാ ജാഗ്രത സമിതി യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തണം.

തൃശ്ശൂർ പൂരം വെടിക്കെട്ട് നടത്തുന്നതിന് ആവശ്യമായ ലൈസൻസുകൾ അനുവദിക്കണം. വെടിക്കെട്ട് നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തണം.

2024 ഒക്ടോബർ 11ന് കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള നിബന്ധനകൾ നടപ്പിലാക്കാൻ ബുദ്ധിമുട്ടുകളുണ്ടെന്ന് പാറമേക്കാവ്, തിരുവമ്പാടി ദേവസ്വങ്ങൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ച് പ്രായോഗികമായി ചെയ്യാവുന്നവ സംബന്ധിച്ച് ജില്ലാ ഭരണ സംവിധാനം പോലീസുമായി ചേർന്ന് പരിശോധന നടത്തി ഉചിതമായ നടപടി കൈക്കൊള്ളണം.

പൂരത്തോടനുബന്ധിച്ചുണ്ടാകുന്ന മാലിന്യങ്ങളുടെ ശേഖരണം, സംസ്കരണം, നഗര പ്രദേശത്തെ നഗരസഭാ റോഡുകളുടെ നവീകരണം, ഹോട്ടലുകളിൽ നഗരസഭയുടെ ആരോഗ്യ വിഭാഗം വഴി നടത്തുന്ന പരിശോധനകൾ, തെരുവ് വിളക്കുകളുടെ പരിപാലനം എന്നിവ തൃശൂർ കോർപ്പറേഷൻ ഉറപ്പാക്കണം.

നാട്ടാനകളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റുകൾ സുപ്രീം കോടതിയുടെ 1.11.2018ലെ ഉത്തരവ് പ്രകാരം ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടെന്ന് പരാതി ഉയർന്നിട്ടുണ്ട്. ഇത് പരിശോധിച്ച് അടിയന്തിര നടപടി വനം വകുപ്പ് കൈക്കൊള്ളണം.

പൂരത്തിന്റെ ശോഭ കെടാത്ത വിധത്തിൽ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകണം.

പൂരത്തിന് ആവശ്യമായ ആനകളെ എഴുന്നള്ളിക്കുന്നതിനും, ആനകളുടെ ഫിറ്റ്നസ്. വിശ്രമം, പൊതുജന സുരക്ഷ എന്നിവ ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ പോലീസും ജില്ലാ ഭരണ സംവിധാനവുമായി ചേർന്ന് കൈക്കൊള്ളണം.

# മത്സ്യത്തൊഴിലാളികളോടു കാട്ടുന്നത് വികസന വിരുദ്ധ നിലപാടെന്നു സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ

തിരുവനന്തപുരം: തീരദേശ വികസനത്തിനായി 2024–25 ബജറ്റിൽ വകയിരുത്തിയ തുകയിൽ 90 കോടിയോളം രൂപ വെട്ടിക്കുറച്ചതു വഴി മത്സ്യത്തൊഴിലാളികളോടു സർക്കാർ കാട്ടുന്നതു ക്രൂരമായ നിലപാടാണെന്നു സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡൻറ് പി. സ്റ്റെല്ലസ്. തീരദേശ മേഖലയ്ക്ക് 331.29 കോടി രൂപയാണ് വകയിരുത്തി ഗവർണർ ഒപ്പിട്ട് സഭയിൽ പാസാക്കിയത്.

ഇത് എങ്ങനെയാണു സർക്കാരിന് 241.75 കോടി രൂപയാക്കി ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കാനാകുന്നത്. നിയമസഭാ ചട്ടങ്ങളുടെ ലംഘനമാണിത്. കേരളത്തിന്റെ സൈന്യമെന്ന് കൊട്ടിഘോഷിച്ച തൊഴിലാളി സർക്കാർ നടപടിയെ വികസന വിരുദ്ധ നിലപാടായി മാത്രമേ പൊതുസമൂഹം കാണുകയുള്ളൂ. തീരദേശ വികസനത്തിനായി ബജറ്റിൽ വകയിരുത്തിയ തുകയിൽ 90 കോടി രൂപ വെട്ടിക്കുറച്ച സർക്കാർ നടപടിയോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം. മത്സ്യത്തൊഴിലാളികളോടു കാട്ടുന്ന അവഗണയ്ക്ക് സംസ്ഥാന സർക്കാർ ഭാവിയിൽ വലിയ വില നൽകേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.

# പൊലീസിന്റെ പരാതി പരിഹാര സംവിധാനം നിലവിൽ വന്നു

പോലീസിന്റെ സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും നിർദേശങ്ങളും പരാതികളും ബോധിപ്പിക്കാനായി പരാതിപരിഹാര സംവിധാനം നിലവിൽ വന്നു. തിരുവനന്തപുരം പൊലീസ് ട്രെയിനിംഗ് കോളജിൽ വച്ചുനടന്ന ചടങ്ങിലാണ് മുഖ്യമന്ത്രി ഈ പദ്ധതി ഉദ്ഘാടനം ചെയ്തത്. കേരള പോലീസിന്റെ ഓൺലൈൻ പോർട്ടലായ തുണയിലൂടെയോ പോൽ ആപ്പിലൂടെയോ പരാതി നൽകുകയോ മറ്റ് സേവനങ്ങൾക്കായി അപേക്ഷിക്കുകയോ ചെയ്യുന്ന വ്യക്തിക്ക് അപേക്ഷ പൂർത്തിയായശേഷം പൊലീസ് സേവനത്തെക്കുറിച്ച് വിലയിരുത്താനും പരാതിപ്പെടാനുമായി ഒരു ലിങ്ക് അടങ്ങിയ sടങ്ങ ഫോണിൽ ലഭിക്കുന്നതാണ്. ഈ ലിങ്കിലൂടെ തുണ പോർട്ടലിലേക്ക് പോവുകയും അവിടെ ലഭിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമായി പ്രതികരണങ്ങൾ അറിയിക്കാം, ഒപ്പം നിർദേശങ്ങൾ നൽകാനും കഴിയും. പൊലീസ് സേവനങ്ങളിൽ പരാതിയുണ്ടെങ്കിൽ അതും രേഖപ്പെടുത്താനാകും. അകാരണമായി അപേക്ഷ നിരസിക്കൽ, അപേക്ഷകൾക്ക് രസീത് നിരസിക്കൽ, മോശമായ പെരുമാറ്റം മുതലായവ റിപ്പോർട്ട് ചെയ്യുവാൻ കഴിയും. പൊലീസ് സ്റ്റേഷനിൽ നേരിട്ടെത്തി സേവനങ്ങൾ നേടുന്നവർക്കായി പൊലീസ് സ്റ്റേഷനിൽ പതിച്ചിട്ടുള്ള ന്ധഞ കോഡ് സ്കാൻ ചെയ്തു പരാതികളും നിർദേശങ്ങളും സമർപ്പിക്കാം. ഇങ്ങനെ സമർപ്പിക്കുന്ന പരാതികൾ ജില്ലാ പൊലീസ് മേധാവിക്ക് ലഭിക്കുന്നതാണ്. പരാതി പരിഹാരത്തിനായുള്ള നടപടികൾ പൊലീസ് സ്റ്റേഷനിൽ നിന്ന് നടപ്പാക്കുന്നത് ജില്ലാ പൊലീസ് മേധാവിയുടെ നിരീക്ഷണത്തിലായിരിക്കും.

# ഷഹബാസിന് കണ്ണീരോടെ വിട: മരണം തലയോട്ടി തകർന്ന്

താമരശേരി: താമരശേരിയിൽ വിദ്യാർഥികൾ തമ്മിലുണ്ടായ സംഘർഷത്തിൽ ചുങ്കം പാലോറക്കുന്ന് മുഹമ്മദ് ഷഹബാസ്(15) കൊല്ലപ്പെട്ടത് തലയോട്ടി തകർന്നെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. അടിയേറ്റ് വലതു ചെവിയുടെ മുകൾഭാഗത്ത് തലയോട്ടി പൊട്ടിയ നിലയിലായിരുന്നു. ആയുധം ഉപയോഗിച്ചുള്ള മർദനമാകാം മരണകാരണമെന്നും പ്രാഥമിക റിപ്പോർട്ടിലുണ്ട്. ട്യൂഷൻ സെന്ററിൽ നടന്ന യാത്രയയപ്പ് പരിപാടിക്കിടെയുണ്ടായ വാക്കുതർക്കമാണ് എളേറ്റിൽ വട്ടോളി എംജെ സ്കൂളിലെ പത്താംക്ലാസ് വിദ്യാർഥി ഷഹബാസിന്റെ ജീവനെടുത്തത്. പാട്ടുനിലച്ചപ്പോൾ താമരശേരി ഗവ. വിഎച്ച്എസ്എസിലെ വി



ദ്യാർഥികൾ കൂവിയത് എംജെ സ്കൂളിലെ വിദ്യാർഥികൾ ചോദ്യംചെയ്തു.

തുടർന്ന് എംജെ സ്കൂളിലെ വിദ്യാർഥികൾ വാട്സാപ്, ഇൻസ്റ്റഗ്രാം ഗ്രൂപ്പുകൾ വഴി സംഘടിച്ചെത്തി. മറുവിഭാഗവും ഇതിനൊപ്പം സംഘടിച്ചു. വ്യാഴം വൈകിട്ട് ഇരുവിഭാഗവും തമ്മിൽ താമരശേരി ടൗണിൽവച്ചുണ്ടായ സംഘർഷത്തിലാണ് ഷഹബാസിന്റെ തലയ്ക്ക് ഗുരുതര പരിക്കേറ്റത്. താമരശേരി ഗവ. താലൂക്ക് ആശുപത്രിയിലും കോഴിക്കോട് മെഡി. കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ച ഷഹബാസ് ശനി പുലർച്ചെ മരിച്ചു. പോസ്റ്റ്മോർട്ടത്തിനുശേഷം മൃതദേഹം വൈകിട്ട് മൂന്നരയോടെ കോരങ്ങാട്ടെ വീട്ടിലെത്തിച്ചപ്പോൾ സഹപാഠികളും വിദ്യാർഥികളുമടക്കം നൂറുകണക്കിനാളുകൾ അന്ത്യോപചാരമർപ്പിക്കാനെത്തി.

അഞ്ചോടെ കെടവൂർ ജുമാമസ്ജിദ് ഖബർസ്ഥാനിൽ സംസ്കരിച്ചു. പാലോറക്കുന്ന് ഇഖ്ബാലിന്റെയും റംസീനയുടെയും മകനാണ് ഷഹബാസ്. സഹോദരങ്ങൾ: മുഹമ്മദ് യെമിൻ, മുഹമ്മദ് അയാൻ, ഷമ്മാസ് .മുഹമ്മദ് ഷഹബാസ് കൊല്ലപ്പെട്ട കേസിൽ പ്രതികളായ അഞ്ച് വിദ്യാർഥികൾക്കെതിരെ താമരശേരി പൊലീസ് കൊലക്കുറ്റം ചുമത്തി. ഇവരെ ഒബ്സർവേഷൻ ഹോമിലേക്ക് മാറ്റാൻ കോഴിക്കോട് ജുവനൈൽ ജസ്റ്റിസ് ബോർഡ് നിർദേശിച്ചു. എസ്എസ്എൽസി പരീക്ഷയെഴുതാൻ അനുവദിച്ചിട്ടുണ്ട്.

മുഹമ്മദ് ഷഹബാസ് മരണപ്പെട്ട സംഭവത്തിൽ വിശദമായ വകുപ്പുതല അന്വേഷണത്തിന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി ഉത്തരവിട്ടു. പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസിനെ ഇതിനായി ചുമതലപ്പെടുത്തി. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ട്. കുട്ടിയുടെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായും മന്ത്രി പറഞ്ഞു.

# കടൽ മണൽ ഖനനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിൻതിരിയണം: കൊല്ലം രൂപത

കൊല്ലം: കേരളതീരത്തെ നിർദിഷ്ട കടൽ മണൽ ഖനന പരിപാടിയിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറണമെന്ന് കൊല്ലം രൂപത ആവശ്യപ്പെട്ടു.

ജീവന്റെ അവസാന തുടിപ്പ് ശേഷിക്കും വരെ തീരവാസികളുടെ സ്വത്തായ കടലും കടൽത്തീരവും സംരക്ഷിക്കുമെന്നും, രാജ്യത്തിന്റെ സമ്പത്ത് ഏതെങ്കിലും കോർപറേറ്റുകൾക്ക് തീറെഴുതാൻ അനുവദിക്കില്ലെന്നും യോഗം പ്രതിജ്ഞ ചെയ്തു. സ്വന്തം ജനത്തിന്റെ ജീവനും സ്വത്തും സംരക്ഷിക്കാൻ ബാധ്യതയുള്ള സംസ്ഥാന സർക്കാർ മണൽ ഖനന നീക്കത്തിനെതിരെ നിയമസഭയിൽ പ്രമേയം പാസാക്കി കേന്ദ്രസർക്കാരിൽ പ്രതിഷേധം അറിയിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

കൊല്ലം രൂപത പിആർഒയും ശക്തികുളങ്ങര ഇടവക വികാരിയുമായ ഫാ. രാജേഷ് മാർട്ടിന്റെ അധ്യക്ഷതയിൽ നടന്ന യോഗം മുൻമന്ത്രി എം. എ ബേബി ഉദ്ഘാടനം ചെയ്തു.

നീണ്ടകര ഇടവക വികാരി ഫാ. ജേക്കബ് കടൽ സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ദീപങ്ങൾ കൈയിലേന്തി തീര സമൂഹം പ്രതിജ്ഞ ഏറ്റുചൊല്ലി. യോഗത്തിൽ സംസ്ഥാന ബോട്ട് ഓണേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് പീറ്റർ, അനിൽ ജോൺ, ലെസ്റ്റർ കാർഡോസ്, ജാക്സൺ ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

റാലിക്കും പൊതുസമ്മേളനത്തിനും ജെയിൻ ആൻസിൽ ഫ്രാൻസിസ്, വിൻസി ബൈജു, അഡ്വ. ഫ്രാൻസിസ് നെറ്റോ, കെ. ജെ. യേശുദാസ് സാലി സഖറിയാസ്, യോഹന്നാൻ ആൻറണി, ക്ലീറ്റസ് ആൻറണി, ടോം ഹെൻട്രി എന്നിവർ നേതൃത്വം നൽകി.

# മനുഷ്യ വന്യ ജീവി സംഘർഷം: AI യിലൂടെ വന്യമൃഗ നിരീക്ഷണം

മനുഷ്യ വന്യ ജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വന്യ മൃഗങ്ങളുടെ വനാതിർത്തിയിലുള്ള നീക്കങ്ങൾ നിരീക്ഷിക്കുന്നതിന് വനം വകുപ്പ്.

ഓരോ ഡിവിഷനിലും മാറ്റി സ്ഥാപിക്കാവുന്ന തരത്തിലുള്ള സോളാർ ഊർജത്തിൽ പ്രവർത്തിക്കുന്ന നിരീക്ഷണ കാമറകൾ, പെരിയാർ ടൈഗർ കൺസർവഷൻ ഫൗണ്ടേഷൻ വികസിപ്പിച്ചെടുത്ത റിയൽ ടൈം മോണിറ്ററിങ് സംവിധാനം, തെർമൽ ഡ്രോണുകൾ, കാമറ ട്രാപ്പുകൾ എന്നിവ ഉപയോഗിച്ചാണ് നിരീക്ഷണം നടത്തുക.കേരളത്തിലെ വനങ്ങളെയും വന്യ മൃഗങ്ങളെയും അടിസ്ഥാനമാക്കിയായിരിക്കും പ്രശ്നകാരികളായ വന്യ മൃഗങ്ങളെ തിരിച്ചറിയാനുള്ള സംവിധാനം മെഷീൻ ലേർണിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസിപ്പിച്ചെടുക്കുക. യാതൊരു വിധ നെറ്റ്വർക്ക് കണക്റ്റിവിറ്റി ഇല്ലാത്ത വന പ്രദേശങ്ങളിലും വന്യ മൃഗങ്ങളുടെ സാന്നിധ്യം ഇതിലൂടെ അറിയുവാൻ കഴിയും. ഇതിന്റെ പ്രാരംഭ നടപടികൾ പെരിയാർ ടൈഗർ കൺസർവഷൻ ഫൗണ്ടേഷൻ ആരംഭിച്ചു കഴിഞ്ഞു. ഇത്തരം കാമറകൾ വനത്തിലെ വിവിധ മേഖലകളിൽ സ്ഥാപിച്ചുകൊണ്ടുള്ള പരീക്ഷണങ്ങൾ ആണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ കാമറകളുടെ പരീക്ഷണങ്ങളും രണ്ടാം ഘട്ടമായി നിർമിത ബുദ്ധി സാങ്കേതിക വിദ്യ ഉപയോഗിച്ചു കാര്യക്ഷമമായി നിരീക്ഷണ സംവിധാനത്തെ മാറ്റുന്നതിനും ഉദ്ദേശിക്കുന്നു. മൂന്നാം ഘട്ടത്തിൽ നെറ്റ്വർക്ക് കണക്റ്റിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ ലോക്കൽ സെർവറിൽ ഇൻസ്റ്റാൾ ചെയ്യുന്ന നിർമിത ബുദ്ധി ഉപയോഗിച്ച് വന്യ മൃഗങ്ങളെ സ്ഥലത്തു വച്ച് തന്നെ തിരിച്ചറിയുന്നതിനും ലോറാവാൻ നെറ്റ്വർക്ക് ഉപയോഗിച്ച് ഇത്തരം അലെർട്ടുകൾ ഡിവിഷൻ തല കണ്ട്രോൾ റൂമുകളിൽ എത്തിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുകയും ചെയ്യും.



# വനിതകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കാൻ ഒരുമിച്ച് പ്രവർത്തിക്കണം : മുഖ്യമന്ത്രി

സമൂഹത്തിൽ വനിതകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കാൻ ഒരുമിച്ച് പ്രവർത്തിക്കണമെന്നും അതിനുതകുന്ന വിവിധ പദ്ധതികളുമായി സർക്കാർ ഒപ്പമുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

സ്ത്രീയുടെ അവകാശവും മാന്യതയും പലപ്പോഴും എഴുത്തുകളിലും ചർച്ചകളിലും മാത്രമായി ഒതുങ്ങിപ്പോകുന്നു. ഈ കാഴ്ചപ്പാട് തിരുത്തണം. സമൂഹത്തിൻറെ നല്ല പാതിയായ സ്ത്രീകളെ മനുഷ്യത്തതോടെയും ആദരവോടെയും കാണാനുള്ള മനസ്ഥിതി സമൂഹത്തിലാകെ വളർത്തുകയും ചെയ്യണം. കേരള വനിതാ കമ്മീഷന്റെ അന്താരാഷ്ട്ര വനിതാ ദിനചാരണം ഭാഗ്യമാല ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സ്ത്രീകൾക്കെതിരായ അതിക്രമത്തിൽ 18900 കേസുകളാണ് 2023 ൽ രജിസ്റ്റർ ചെയ്തതെങ്കിൽ കഴിഞ്ഞ വർഷം ഇത് 17000 ആയി കുറഞ്ഞിട്ടുണ്ട്. സ്ത്രീധന പീഡന കേസുകളിലും ഗാർഹിക പീഡന കേസുകളിലും കുറവ് വന്നിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. അപരാജിത, വനിതാ ഹെൽപ്പ് ലൈൻ, സ്വയം പ്രതിരോധത്തിനായി സെൽഫ് ഡിഫൻസ് തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചു. ഡൊമസ്റ്റിക് കോൺഫ്ലിക്റ്റ് റെസലൂഷൻ സെന്ററിന്റെ സഹായവും സ്ത്രീകൾക്ക് നൽകുന്നുണ്ട്.

അപകടത്തിൽപ്പെട്ടാൽ സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പാക്കാൻ 'നിർഭയ' ആപ്പിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിത താമസത്തിനായി 'സഖി വൺ സ്റ്റോപ്പ്' പദ്ധതിയും സഞ്ചാരത്തിലെ സംരക്ഷണത്തിനായി 'നിഴൽ' പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. പിങ്ക് പോലീസ്, എന്റെ കൂട്, വൺ ഡേ ഹോം തുടങ്ങിയ പദ്ധതികളും ശ്രദ്ധേയമാണ്. സ്ത്രീശാക്തീകരണത്തിനും സുരക്ഷയ്ക്കുമായി നടപ്പിലാക്കിയ ഇടപെടലുകളുടെ ഫലമായാണ് അതിക്രമങ്ങൾ കുറയ്ക്കാനായത്. എന്നാലും ഏറെ പുരോഗമിച്ച കേരളത്തിലെ സമൂഹത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇപ്പോഴും നടക്കുന്നു എന്നത് ഗൗരവതരമാണെന്നു മുഖ്യമന്ത്രി പറഞ്ഞു.



കേരള വനിതാ കമ്മീഷന്റെ അന്താരാഷ്ട്ര വനിതാ ദിനചാരണം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

രാജ്യത്ത് ആദ്യമായി ജെൻഡർ ബജറ്റിങ് നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. ആകെ പദ്ധതികളുടെ 25 ശതമാനമെങ്കിലും സ്ത്രീശാക്തീകരണ പദ്ധതികൾക്കായി മാറ്റിവയ്ക്കാനാണ് ജെൻഡർ ബജറ്റിങ് നടപ്പിലാക്കിയത്. ഇതിനെ ഐക്യരാഷ്ട്രസഭ കഴിഞ്ഞവർഷം അഭിനന്ദിച്ചിരുന്നു. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സംരംഭങ്ങളിൽ 36 ശതമാനത്തോളം പദ്ധതികൾ സ്ത്രീകളുടേതാണ്. സ്ത്രീകളുടെ സ്വയംപര്യാപ്തത ഉറപ്പുവരുത്താൻ സഹായകമാകുന്ന വിധത്തിൽ വനിതാ വികസന കോർപ്പറേഷൻ വഴി കഴിഞ്ഞ മൂന്നുവർഷത്തിനിടെ ഒന്നര ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കി. വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെ തൊഴിലുകൾക്ക് പ്രാപ്തമാക്കാൻ ഡിജിറ്റൽ പാഠശാല പദ്ധതിയും നൈപുണ്യ വർദ്ധനവ് ലക്ഷ്യമിട്ടുള്ള പ്രത്യേക പദ്ധതികളും നടപ്പാക്കി. സ്വയംതൊഴിൽ സംരംഭങ്ങൾക്കും വിദേശ ജോലികൾക്കുമായി സ്ത്രീകൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. വനിതകൾക്കായുള്ള നിരവധി ഹോസ്റ്റലുകൾ സജ്ജമാവുകയാണ്. സർക്കാരിന്റെ ഇത്തരം ഇടപെടലുകളുടെ ഭാഗമായി കേരളത്തിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടായി.

പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ പ്രകാരം തൊഴിലെടുക്കുന്ന സ്ത്രീകളുടെ കാര്യത്തിൽ 16 ശതമാനം വർധനവാണ് കഴിഞ്ഞ മൂന്നു വർഷത്തിൽ സംസ്ഥാനത്ത് രേഖപ്പെടുത്തിയത്. കേരളത്തിലെ ആകെ തൊഴിൽ ശക്തിയുടെ 37 ശതമാനവും സ്ത്രീകളാണ്. പൊതുഇടങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീകൾക്ക് ഭയരഹിതമായി നിലകൊള്ളാമെന്ന അവസ്ഥ ഉറപ്പുവരുത്തുന്നതിന് വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

സ്ത്രീശാക്തീകരണത്തിനായി മുന്നിൽ നിന്ന് പ്രവർത്തിക്കാൻ കഴിയുന്ന സ്ഥാപനമാണ് കേരള വനിതാ കമ്മീഷൻ. കഴിഞ്ഞ മൂന്ന് പതിറ്റാണ്ട് കാലത്തെ പ്രവർത്തനംകൊണ്ട് ഒട്ടേറെ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരാൻ വനിതാ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം തടയുക എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ ജാഗ്രതാസമിതികൾ എന്ന ആശയം ആദ്യം മുന്നോട്ടുവെച്ചതും കേരള വനിതാ കമ്മീഷനാണ്.

സ്ത്രീ മുന്നേറ്റ ചരിത്രത്തിൽ കേരളത്തിന് എന്നും പ്രധാനപ്പെട്ട സ്ഥാനമുണ്ട്. ഇത്രയേറെ മഹത്തായ സ്ത്രീശാക്തീകരണ ചരിത്രം ഉണ്ടായിട്ടും പൊതുസ്ഥലങ്ങളിൽ ആത്മവിശ്വാസത്തോടെ എത്തിച്ചേരാൻ ഇപ്പോഴും സ്ത്രീകൾ മടിക്കുന്നുണ്ട്.

ഇതിന് മാറ്റം ഉണ്ടാക്കുന്നതിനുള്ള അവസരമായി കൂടി വനിതാ കമ്മീഷൻ ആഭിമുഖ്യത്തിലുള്ള പരിപാടികൾ മാറുമെന്നു പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ കേരള വനിതാ കമ്മീഷന്റെ സ്ത്രീ ശക്തി, ജാഗ്രതാ സമിതി പുരസ്ക്കാരങ്ങൾ മുഖ്യമന്ത്രി സമ്മാനിച്ചു.

കേരള വനിതാ കമ്മീഷൻ ചെയർപേഴ്സൺ അഡ്വ പി സതീദേവി അധ്യക്ഷത വഹിച്ചു. മേയർ ആര്യ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി കെ രാജു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ, കേരള വനിതാ കമ്മീഷൻ ഡയറക്ടർ ഷാജി സുഗുണൻ, സ്ത്രീ ശക്തി, ജാഗ്രതാ സമിതി പുരസ്ക്കാര ജേതാക്കളായ കെ. ഓമനക്കുട്ടി ടീച്ചർ, സോഫിയ ബീവി, ലക്ഷ്മി ഊഞ്ഞാം പാറക്കുടി, ധനുജകുമാരി, എസ്. സുഹദ തുടങ്ങിയവർ പങ്കെടുത്തു.

## അപൂർവ രോഗ ചികിത്സയിൽ നിർണായക ചുവടുവയ്പ്പ് കൂടി

### കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രോത്ത് ഹോർമോൺ ചികിത്സ
### കെയർ പദ്ധതിയിലൂടെ 100 കുട്ടികൾക്ക് എസ്.എം.എ. ചികിത്സ

സംസ്ഥാനത്തെ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രോത്ത് ഹോർമോൺ (ജി എച്ച്) ചികിത്സ ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ലോക അപൂർവ രോഗ ദിനത്തിൽ അപൂർവ രോഗ ചികിത്സയിൽ മറ്റൊരു നിർണായക ചുവടുവയ്പ്പാണ് ഇതിലൂടെ നടത്തുന്നത്. ജന്മനായുള്ള വൈകല്യങ്ങൾ കണ്ടെത്തി കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലക്ഷക്കണക്കിന് രൂപ ചെലവുള്ള ഹോർമോൺ ചികിത്സ കെയർ പദ്ധതിയിലൂടെ സൗജന്യമായാണ് നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി.

അപൂർവ രോഗ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്എടി ആശുപത്രിയിലാണ് ഗ്രോത്ത് ഹോർമോൺ ചികിത്സയ്ക്കായുള്ള ക്യാമ്പ് സംഘടിപ്പിച്ചത്. 20 കുട്ടികൾക്ക് ഗ്രോത്ത് ഹോർമോൺ കുറവിനായുള്ള ചികിത്സ ആരംഭിച്ചു. ടർണർ സിൻഡ്രോം ബാധിച്ച 14 പേർക്കും ജിഎച്ച് കുറവുള്ള 6 പേർക്കും സെന്റർ ഓഫ് എക്സലൻസിന്റെ കീഴിൽ ജിഎച്ച് തെറാപ്പി ആരംഭിച്ചു. രോഗികളെ മൾട്ടി ഡിസിപ്ലിനറി ടീം വിശദമായി പരിശോധിച്ചാണ് ജിഎച്ച് തെറാപ്പി നൽകിയത്.

ശരീരത്തിലെ വളർച്ചയെയും വികാസത്തെയും നിയന്ത്രിക്കുന്ന ഒരു പ്രധാന ഹോർമോൺ ആണ് ഗ്രോത്ത് ഹോർമോൺ. പിറ്റിയൂറ്ററി ഗ്രന്ഥിയാണ് ഇത് ഉത്പാദിപ്പിക്കുന്നത്. കുട്ടികളുടെയും കൗമാരക്കാരുടെയും വളർച്ചയെ സഹായിക്കുന്ന പ്രധാന ഹോർമോൺ ആണിത്. പേശികളുടെ വളർച്ചയ്ക്കും ബലത്തിനും ഇത് സഹായിക്കുന്നു. ഗ്രോത്ത് ഹോർമോണിന്റെ കുറവ് കാരണം കുട്ടികളിൽ വളർച്ച മുരടിക്കുന്നതിന് കാരണമാകാം. മുതിർന്നവരിൽ പേശികളുടെ ബലക്കുറവ്, ക്ഷീണം, അസ്ഥികളുടെ ബലക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾക്ക് കാരണമാകാം. ഈ രോഗം ആരംഭത്തിലേ ശാസ്ത്രീയമായി ചികിത്സിച്ചില്ലെങ്കിൽ വളർച്ച മുരടിപ്പിനും മറ്റ് ഗുരുതര ശാരീരിക പ്രശ്നങ്ങൾക്കും കാര്യമാകും.

അപൂർവ രോഗ പരിചരണ മേഖലയിൽ പുത്തൻ ചുവടുവയ്പ്പായി 2024 ഫെബ്രുവരി മാസത്തിലാണ് സംസ്ഥാന സർക്കാർ കെയർ പദ്ധതി ആരംഭിച്ചത്. എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങൾക്ക് വേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് ആക്കിയും ഉയർത്തി. 2024ലാണ് എസ്.എ.ടി. ആശുപത്രിയിൽ അപൂർവ രോഗങ്ങൾക്കുള്ള എൻസൈം റീപ്ലെയ്സ്മെന്റ് തെറാപ്പി ആരംഭിച്ചത്. ഇതുകൂടാതെ എസ്എംഎ രോഗത്തിന് 100 കുട്ടികൾക്ക് കെയർ പദ്ധതിയുടെ ഭാഗമായി വിലയേറിയ ചികിത്സയും നൽകി വരുന്നു.

എസ്എടി ആശുപത്രി സൂപ്രണ്ട് ഡോ. ബിന്ദു എസ്, പീഡിയാട്രിക്സ് പ്രൊഫ. ആന്റ് എച്ച്ഒഡി ഡോ. ബിന്ദു ജിഎസ്, സ്പെഷ്യലിസ്റ്റ് ഡോ. ശങ്കർ വിഎച്ച്, ഡോ. റിയാസ് ഐ, ഡോ. വിനിത എഒ, നോഡൽ ഓഫീസർ ഡോ. രാഹുൽ എന്നിവർ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തു.

## ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം: രജിസ്ട്രേഷൻ തുടങ്ങി

നെടുമങ്ങാട് മഞ്ച സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ അടുത്ത അക്കാദമികവർഷത്തേയ്ക്കുള്ള പ്രവേശനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു. ഹൈസ്കൂൾ തലം മുതൽ കുട്ടികൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്ന സ്ഥാപനത്തിൽ പൊതുവിദ്യാഭ്യാസത്തോടോപ്പം ആറ് സ്പെഷ്യലിസ്റ്റ് ട്രേഡുകളിൽ (ഫിറ്റിങ്, വെൽഡിങ്, ഇലക്ട്രിക്കൽ വയറിങ് & മെയ്ൻറനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്, മെയ്ൻറനൻസ് ഓഫ് ടു & ത്രീ വീലർ, ടേണിങ് & ഇലക്ട്രോപ്ലേറ്റിംഗ്) സാങ്കേതിക പരിജ്ഞാനം നൽക്കുന്നു. എട്ടാം ക്ലാസ്സിൽ അനുവദിച്ചിട്ടുള്ള 90 സീറ്റുകളിലേക്കാണ് പ്രവേശനം.

ഫിസിക്കൽ എഡ്യൂക്കേഷൻ ലാബ് കമ്പ്യൂട്ടർ ലാബ്, എൻറിച്ച് യുവർ ഇംഗ്ലീഷ് പദ്ധതി, നിരവധി സ്കോളർഷിപ്പുകൾ, മികച്ച പ്രകടനം കാഴ്ചവച്ചവർക്ക് നേരിട്ട് സംസ്ഥാനതലത്തിൽ ടെക്നിക്കൽ ഹൈസ്കൂൾ കുട്ടികൾക്ക് മാത്രമായി സംഘടിപ്പിക്കുന്ന സംസ്ഥാനതല കലാ-കായിക-ശാസ്ത്ര മേളകളിൽ പങ്കെടുക്കാം, പോളിടെക്നിക് കോളേജിലെ എഞ്ചിനീയറിംഗ് ഡിപ്ലോമ അഡ്മിഷന് 10% സീറ്റ് സംവരണം, ടെക്നിക്കൽ ഹൈസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ് (ടി.എച്ച്.എസ്.എൽ.സി) യോഗ്യത ഐ.ടി.ഐ യോഗ്യതയ്ക്ക് തുല്യമായി പരിഗണിച്ച് പി.എസ്.സി വഴി നിയമനത്തിന് അവസരം. തുടങ്ങിയ ഒട്ടേറെ അവസരങ്ങൾ വിദ്യാർഥികൾക്ക് ലഭിക്കും. വിശദവിവരങ്ങൾക്ക്: 9846170024, 7907788350, 9446686362, 9645814820, 7907938093, 9446547098.

## അപേക്ഷ ക്ഷണിച്ചു

അസാപ് കേരളയിൽ കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്മ്യൂണിക്കേഷൻ, മാസ്സ് കമ്മ്യൂണിക്കേഷൻ, ജേർണലിസം, പബ്ലിക് റിലേഷൻസ് എന്നിവയിലോ മറ്റ് അനുബന്ധ വിഷയങ്ങളിലെയോ ബിരുദാനന്തരബിരുദമുള്ളവർക്ക് അപേക്ഷിക്കാം. മാർച്ച് 9 ന് വൈകീട്ട് 5 ന് മുമ്പ് ഓൺലൈനായി (www.asapkerala.gov.in/careers/) അപേക്ഷ സമർപ്പിക്കണം.

## എൻപിഎസ് അദാലത്ത് മാർച്ച് 19ന്

തിരുവനന്തപുരം സൗത്ത് പോസ്റ്റൽ ഡിവിഷനിലെ എൻപിഎസ് അദാലത്ത് 2025 മാർച്ച് 19 ന് രാവിലെ 11 ന് തിരുവനന്തപുരം സൗത്ത് പോസ്റ്റൽ സൂപ്രണ്ട് ഓഫീസിൽ വച്ച് നടത്തും.

പോസ്റ്റൽ ഡിപ്പാർട്മെന്റുമായി ബന്ധപ്പെട്ടതും പോസ്റ്റൽ ഡിപ്പാർട്മെന്റിൽ നിന്ന് വിരമിച്ചതും തിരുവനന്തപുരം സൗത്ത് പോസ്റ്റൽ ഡിവിഷന്റെ പരിധിയിൽ വരുന്നതുമായ എൻപിഎസ് പെൻഷൻ, എൻപിഎസ് ഫാമിലി പെൻഷൻ കാര്യങ്ങളെ സംബന്ധിച്ചു പരാതികൾ അദാലത്തിൽ സമർപ്പിക്കാം. പരാതികൾ മാർച്ച് 5 നകം കിട്ടത്തക്കവണ്ണം ഷീബ ജെ, സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്, തിരുവനന്തപുരം സൗത്ത് പോസ്റ്റൽ ഡിവിഷൻ, തിരുവനന്തപുരം 695023 എന്ന വിലാസത്തിൽ അയക്കണം. കവറിനു മുകളിൽ 'എൻപിഎസ് അദാലത്ത്' എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പെൻഷനറുടെ മൊബൈൽ ഫോൺ നമ്പർ ശരിയായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

പോസ്റ്റ് ഓഫീസിലോ, ഡിവിഷണൽ തലത്തിലോ മുൻപ് സ്വീകരിച്ച് ഇത് വരെ പരിഹാരം കാണാൻ കഴിയാത്ത പരാതികൾ മാത്രമേ അദാലത്തിന്റെ പരിഗണയ്ക്കായി സ്വീകരിക്കുകയുള്ളു. പെൻഷനെ സംബന്ധിക്കുന്ന സാധാരണ പരാതികളും, ആദ്യമായി സമർപ്പിക്കുന്ന സാധാരണ പോസ്റ്റൽ പരാതികളും അദാലത്തിൽ പരിഗണിക്കുന്നതല്ല. അത്തരം പരാതികൾ വ്യവസ്ഥാപിതമായ മാർഗത്തിൽ തന്നെ പരിഗണിക്കും.

## ന്യൂമീഡിയ & ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ കോഴ്സിലേക്ക് (ഈവനിംഗ് ബാച്ച്) അപേക്ഷ ക്ഷണിച്ചു

കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ & ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ കോഴ്സിലേക്ക് (ഈവനിംഗ് ബാച്ച് ) അപേക്ഷ ക്ഷണിച്ചു. 6 മാസമാണ് കോഴ്സിന്റെ കാലാവധി. കൊച്ചി, തിരുവനന്തപുരം കേന്ദ്രങ്ങളിൽ വൈകിട്ട് 6 മുതൽ 8 വരെയാണ് ക്ലാസ് സമയം. ഒരേ സമയം ഓൺലൈനിലും ഓഫ്‌ലൈനിലും ക്ലാസ് ലഭ്യമാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്. ഡിഗ്രിയാണ് വിദ്യാഭ്യാസയോഗ്യത. പ്രായപരിധി ഇല്ല. മോജോ, വെബ് ജേർണലിസം, ഓൺലൈൻ റൈറ്റിംഗ് ടെക്നിക്ക്സ്, ഫോട്ടോ ജേർണലിസം, വീഡിയോ പ്രാക്ടീസ് തുടങ്ങിയവയിൽ പ്രായോഗിക പരിശീലനം നൽകും. അനുദിനം മാറുന്ന നവീന സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിലൂടെ ഓൺലൈൻ മാധ്യമമേഖലയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്താൻ കോഴ്സ് ഉപകരിക്കും. ഓൺലൈനായി അപേക്ഷിക്കുന്നതിന് മീഡിയ അക്കാദമിയുടെ www.keralamediaacademy.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2422275, 2422068, 9388959192, 9447225524, 0471-2726275 അവസാന തിയതി മാർച്ച് 7.

## വോട്ടർ പട്ടികയിലെ അപാകതകൾ തിരുത്താം

2026 ലെ പൊതു തെരഞ്ഞെടുപ്പിനു മുമ്പായി വോട്ടർ പട്ടികയിൽ അപാകതകളുണ്ടെങ്കിൽ തിരുത്തുന്നതിനും, മരണപ്പെട്ടവരുൾപ്പെടെ ഒഴിവാക്കപ്പെടേണ്ടവരെ കണ്ടെത്തി ഒഴിവാക്കുന്നതിനും സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. ഇതിനായി നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർ അംഗീകൃത രാഷ്ട്രീയ പാർട്ടികൾ നിയോഗിക്കുന്ന ബൂത്ത് ലെവൽ ഏജന്റുമാരുമായി അതത് പോളിംഗ് സ്റ്റേഷനുകളിൽ യോഗം ചേർന്ന് വോട്ടർ പട്ടിക പരിശോധിച്ച് അപാകതകൾ കണ്ടെത്തി പരിഹരിക്കും.

വോട്ടർ പട്ടികയിലെ അപാകതകൾ സംബന്ധിച്ച് പൊതുജനങ്ങളുടെ ഭാഗത്ത് നിന്നുള്ള പരാതികളും യോഗത്തിൽ പരിശോധിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ അറിയിച്ചു.

## ദേശീയ വിദ്യാഭ്യാസ നയം ഭരണഘടനാ സങ്കല്പം അട്ടിമറിക്കുന്നു: പ്രഫ. സി. രവീന്ദ്രനാഥ്

കൊല്ലം: ഭരണഘടനാ സങ്കല്പം അട്ടിമറിക്കുന്നതാണ് ദേശീയ വിദ്യാഭ്യാസ നയമെന്ന് മുൻ മന്ത്രി പ്രഫ. സി. രവീന്ദ്രനാഥ്. സിപിഎം സമ്മേളനത്തോടനുബന്ധിച്ച് 'ദേശീയ വിദ്യാഭ്യാസ നയം ഉയർത്തുന്ന വെല്ലുവിളികൾ' എന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസം വികേന്ദ്രീകൃതവും ആവാസ വ്യവസ്ഥയ്ക്ക് അധിഷ്ഠിതവും ആയിരിക്കണം.

വിദ്യാഭ്യാസം പ്രാദേശിക പ്രാധാന്യമുള്ളതും പൂർണമായും സംസ്ഥാന പട്ടികയിലുള്ളതുമാണ്. പാഠപുസ്തകം എങ്ങനെയാകണം, സിലബസ് എന്താകണം എന്നൊക്കെ സംസ്ഥാനങ്ങൾക്ക് തീരുമാനിക്കാം. ഈ മേഖല നേരിട്ട് കൈയടക്കാനുള്ള കേന്ദ്ര ഭരണകൂടത്തിന്റെ ശ്രമമാണ് നടക്കുന്നത്.

അതിനു വേണ്ടിയാണ് ജനാധിപത്യ വിരുദ്ധവും ഏകപക്ഷീയവുമായി ദേശീയ വിദ്യാഭ്യാസ നയം പാസാക്കിയതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സമരത്തിലൂടെ മാത്രമല്ല, ബദൽ നടപ്പാക്കിയാണ് കേരളം ഈ നയത്തെ എതിർക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ബദൽ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുള്ള വിദ്യാഭ്യാസമാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

കാലടി ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ പ്രഫ. എം. വി. നാരായണൻ, സാങ്കേതിക സർവകലാശാല പ്രോ. വി. സി ഡോ. എസ്. അയൂബ്, സിപിഎം സംസ്ഥാന കമ്മിറ്റി അംഗം ചിന്താ ജെറോം, സെമിനാർ കമ്മിറ്റി ചെയർപേഴ്സൺ ജെ. മേഴ്സിക്കുട്ടിയമ്മ, എ കെ പി സി ടി എ ജില്ലാ സെക്രട്ടറി ഡോ. പ്രമോദ്, കെ എസ് ടി എ ജില്ലാ സെക്രട്ടറി ബി. സജീവ് എന്നിവർ പ്രസംഗിച്ചു.

പ്രഫ. മൈക്കിൾ തരകൻ മോഡറേറ്ററായിരുന്നു.

## വനിതാ സംരംഭകരിൽ നിന്ന് ഫ്രാഞ്ചൈസി അപേക്ഷകൾ ക്ഷണിച്ചു

കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ശാസ്ത്രം, എൻജിനിയറിങ്, ലോജിസ്റ്റിക്സ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഫാഷൻ ഡിസൈനിംഗ്, ബ്യൂട്ടി തെറാപ്പി, ഭക്ഷ്യ സാങ്കേതികവിദ്യ, മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ കുറഞ്ഞത് ഒരു വർഷം പ്രവൃത്തിപരിചയമുള്ള ബിരുദധാരികളായ വനിതാ പ്രൊഫഷണലുകൾക്ക് എൽ ബി എസ് സ്കിൽ സെന്ററിന് കീഴിൽ ഫ്രാൻഞ്ചൈസികൾ ആരംഭിക്കാൻ അവസരം.

താല്പര്യമുള്ളവർ ഫോൺ: 0471-2560333 മുഖേന മാർച്ച് 15ന് മുമ്പ് ബന്ധപ്പെടണം.

## തൊഴിലധിഷ്ഠിത കംപ്യൂട്ടർ കോഴ്സ്

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം കേന്ദ്രത്തിൽ ആരംഭിക്കുന്ന ഈീാുൌലേൃശ്വലറ എശിമിരശമഹ അരരീൗിശിേഴ & ഏടഠ ഡശെിഴ ഠമഹഹ്യ, ഉശുഹീാമ ശി ഈീാുൌലേൃ അുുഹശരമശേീി (ടീളംമൃല) കോഴ്സിന് ഒഴിവുള്ള സീറ്റിലേക്കു അപേക്ഷ ക്ഷണിച്ചു. വെബ്സൈറ്റ്: www.lbscentre.kerala.gov.in, ഫോൺ: 0471-2560333.

# ഡിജിറ്റൽ ഡാറ്റ സംരക്ഷണ നിയമത്തിന് മാതാപിതാക്കൾ അനുകൂലമെന്ന് സർവേ

ന്യൂഡൽഹി: ഡിജിറ്റൽ വ്യക്തിഗത ഡാറ്റ സംരക്ഷണ (ഡിപിഡിപി) നിയമത്തിന്റെ കരട് നിർദേശങ്ങളിൽ മാതാപിതാക്കൾ അനുകൂലമെന്ന് സർവേ.

സമൂഹമാധ്യമങ്ങൾ, ഒടിടി, ഓൺലൈൻ ഗെയിമിംഗ് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ പ്രായപൂർത്തിയാകാത്തവർക്ക് അക്കൗണ്ടുകൾ ഉപയോഗിക്കാൻ മാതാപിതാക്കളുടെ സമ്മതവും വ്യക്തിഗത ഡാറ്റ സ്ഥിരീകരണവും നിർബന്ധമാക്കണമെന്നു ശിപാർശ ചെയ്യുന്ന ഡിപിഡിപി നിയമങ്ങൾ ഫലപ്രദമാണെന്നാണ് സർവേയിൽ പങ്കെടുത്ത 90 ശതമാനം മാതാപിതാക്കളുടെയും അഭിപ്രായം. ലോക്കൽ സർക്കിൾസ് എന്ന സമൂഹമാധ്യമ പ്ലാറ്റ്ഫോമാണ് രാജ്യവ്യാപകമായി മാതാപിതാക്കൾക്കിടയിൽ സർവേ സംഘടിപ്പിച്ചത്. ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ അക്കൗണ്ടുകൾ തുറക്കുന്നതിനായി നിരവധി കുട്ടികൾ തങ്ങളുടെ പ്രായം തെറ്റായി രേഖപ്പെടുത്തുന്നുണ്ടെന്ന് മാതാപിതാക്കൾ ചൂണ്ടിക്കാട്ടി. മിക്ക പ്ലാറ്റ്ഫോമുകളിലും പരിശോധനയില്ലാത്തതിനാൽ കുട്ടികൾക്ക് ഇവ എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്നു. അക്കൗണ്ട് ഉപയോഗിക്കുന്നവരുടെ യഥാർഥ പ്രായ നിർണയത്തിനായി ഡിപിഡിപി ശിപാർശ ചെയ്യുന്ന പ്രൊഫൈലിലെയും ഉള്ളടക്കത്തിലെയും വിവരങ്ങൾ ശേഖരിക്കുന്നതിനും നിർമിതബുദ്ധി ഉപയോഗിച്ചു പ്രായം നിർണയിക്കുന്നതിനും 58 ശതമാനം മാതാപിതാക്കളും സമ്മതം നൽകിയിട്ടുണ്ട്.

സർവേയിൽ രാജ്യത്തെ 349 ജില്ലകളിലായി 44,000 പ്രതികരണങ്ങളാണ് മാതാപിതാക്കളിൽനിന്നു ലഭിച്ചത്. തെറ്റായ പ്രായവിവരങ്ങൾ രേഖപ്പെടുത്തിയ അക്കൗണ്ടുകൾ തിരിച്ചറിഞ്ഞ് അവ റദ്ദാക്കുകയോ മാതാപിതാക്കളുടെ അനുമതി വാങ്ങുകയോ ചെയ്യണമെന്ന നിബന്ധന ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്ക് സർക്കാർ നിർബന്ധമാക്കണമെന്ന് 88 ശതമാനം മാതാപിതാക്കളും പറഞ്ഞു.

ഈ വർഷം ജനുവരിയിൽ പുറത്തിറക്കിയ കരട് ഡിപിഡിപി നിയമങ്ങൾ പ്രായപൂർത്തിയായവരെ സംരക്ഷിക്കാൻ ലക്ഷ്യമിടുന്നുണ്ടെങ്കിലും അവരുടെ വ്യക്തിഗതവിവരങ്ങൾ അപകടത്തിലാക്കുന്ന പഴുതുകളുണ്ടെന്നും കേന്ദ്രം ഇവയെല്ലാം പരിഹരിക്കുമെന്നും മാതാപിതാക്കൾ പ്രതീക്ഷ പ്രകടിപ്പിച്ചു.

# വിവാദങ്ങൾക്കൊടുവിൽ മാധബി പുരി ബുച്ച് സെബി അധ്യക്ഷസ്ഥാനമൊഴിഞ്ഞു

ന്യൂഡൽഹി: അമേരിക്കൻ നിക്ഷേപക കന്പനിയായ ഹിൻഡൻബർഗ് റിസർച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവാദച്ചൂട് നേരിട്ട ഓഹരി വിപണി നിയന്ത്രണ ഏജൻസിയായ സെ ബിയുടെ യുടെ (സെക്യൂരിറ്റി ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) ആദ്യ വനിതാ മേധാവി മാധബി പുരി ബുച്ച് സ്ഥാനമൊഴിഞ്ഞു.

കാലാവധി തീർന്നതിനെത്തുടർന്നാണ് സ്ഥാനമൊഴിഞ്ഞത്. നിലവിൽ കേന്ദ്ര റവന്യു സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയുമായ തുഹിൻ കാന്ത പാണ്ഡെയെ പുതിയ മേധാവിയായി വ്യാഴാഴ്ച രാത്രിയിൽ നിയമിച്ചു. സെബി അധ്യക്ഷയായി നിയമിക്കുന്നതിനുമുന്പ് പ്രമുഖ സ്വകാര്യബാങ്കായ ഐസിഐസിഐ ബാങ്കിലായിരുന്നു ബുച്ച് പ്രവർത്തിച്ചിരുന്നത്. 2017 ഏപ്രിലിലാണ് ബുച്ച് സെബിയുടെ മുഴുവൻസമയ ബോർഡംഗമാകുന്നത്. തുടർന്ന് 2022 മാർച്ചിൽ ആദ്യ വനിതാ ചെയർപേഴ്സണായി നിയമിതയായി. മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ അജയ് ത്യാഗിയുടെ പിൻഗാമിയായാണ് സെബി അധ്യക്ഷ സ്ഥാനത്തേക്ക് ബുച്ച് എത്തിയത്. സ്വകാര്യമേഖലയിൽനിന്ന് ഈ സ്ഥാനത്തേക്ക് എത്തുന്ന ആദ്യവ്യക്തിയും ബുച്ചായിരുന്നു.

ഇകിറ്റികളിലെ വേഗത്തിലുള്ള സെറ്റിൽമെൻറുകൾ, വിദേശ പോർട്ട്ഫോളിയോ നിക്ഷേപങ്ങളുടെ വർധനവ് തുടങ്ങിയ വിഷയങ്ങളിൽ നേട്ടമുണ്ടാക്കാൻ സാധിച്ചെങ്കിലും അവസാനകാലങ്ങളിൽ ഹിൻഡൻബർഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വലിയ വിവാദച്ചുഴിയിൽ ബുച്ച് അകപ്പെടുകയായിരുന്നു. അദാനി ഗ്രൂപ്പുമായി ബന്ധപ്പെട്ട രഹസ്യ വിദേശനിക്ഷേപങ്ങളിൽ ബുച്ചിനും അവരുടെ ഭർത്താവിനും പങ്കാളിത്തമുണ്ടെന്നായിരുന്നു ഹിൻഡൻബർഗിന്റെ റിപ്പോർട്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ അദാനി ഗ്രൂപ്പുമായി സെബി അധ്യക്ഷയ്ക്ക് ബന്ധമുണ്ടെന്നാരോപിച്ച് പ്രതിപക്ഷം പാർലമെൻറിനകത്തും പുറത്തും വലിയ പ്രതിഷേധമുയർത്തി. ബുച്ചിനെതിരേയുള്ള ആരോപണം കേന്ദ്രസർക്കാരിനെതിരേയുള്ള ആയുധമായാണ് പ്രതിപക്ഷം ഉപയോഗിച്ചത്.

ആരോപണങ്ങൾ മുൻനിർത്തി പാർലമെൻറിന്റെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി) വിശദീകരണം ആവശ്യപ്പെട്ട് ബുച്ചിനോട് കമ്മിറ്റിക്കു മുന്നിൽ ഹാജരാകാൻ ആവശ്യപ്പെട്ടെങ്കിലും വ്യക്തിപരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി അവർ അത് ഒഴിവാക്കുകയായിരുന്നു. ബുച്ചിന്റെ ഈ നിലപാട് വീണ്ടും വിവാദത്തിന് വഴിവച്ചു. ഹിൻഡൻബർഗ് റിപ്പോർട്ടിൽ കേന്ദ്ര സർക്കാർ ബുച്ചിനോട് വിശദീകരണം തേടിയോയെന്ന കാര്യം ഇതുവരെ പരസ്യമായി വ്യക്തമാക്കിയിട്ടില്ല. പുതിയ മേധാവിയായി സ്ഥാനമേൽക്കുന്ന തുഹിൻ കാന്ത പാണ്ഡെ 1987 ബാച്ച് ഒഡീഷ കേഡർ ഐഎഎസ് ഉദ്യോഗസ്ഥനാണ്. മുന്പ് ഇൻവെസ്റ്റ്മെൻറ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെൻറ് വകുപ്പ് (ഡിപാം) സെക്രട്ടറിയായിരുന്നു. രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഓഹരിവില്പനയിലൂടെ (ഐപിഒ) പൊതുമേഖലാ ഇൻഷ്വറൻസ് കന്പനിയായ എൽഐസി ഓഹരിവിപണിയുടെ ഭാഗമായത് പാണ്ഡെയുടെ നേതൃത്വത്തിലായിരുന്നു. മൂന്നു വർഷത്തേക്കാണ് പുതിയ മേധാവിയുടെ നിയമനം.

# ഇന്ത്യ- യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാരക്കരാർ ഈ വർഷം

ന്യൂഡൽഹി: യൂറോപ്യൻ യൂണിയനുമായി ഇന്ത്യ ഈ വർഷം അവസാനത്തോടെ സ്വതന്ത്ര വ്യാപാരക്കരാർ ഉണ്ടാക്കും. കരാറിനു രൂപം നൽകാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും രണ്ടു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല ഫോൺ ദെർ ലെയ്നും തമ്മിലുള്ള കൂടിക്കാഴ്ചയിൽ തീരുമാനമായി.

പ്രതിരോധം, സുരക്ഷ, നിർണായക സാങ്കേതികവിദ്യ എന്നീ മേഖലകളിൽ ഇന്ത്യയും യൂറോപ്യൻ യൂണിയനും തന്ത്രപരമായ പങ്കാളിത്തം വികസിപ്പിക്കുമെന്ന് ഇരുനേതാക്കളും വ്യക്തമാക്കി. വ്യാപാര, താരിഫ് നയത്തെക്കുറിച്ചുള്ള ആഗോള ആശങ്കകൾ വർധിച്ചുവരുന്ന സാഹചര്യത്തിലാണ് ഈ വർഷം അവസാനത്തോടെ പരസ്പരം പ്രയോജനകരമായ സ്വതന്ത്ര വ്യാപാരക്കരാറിലേക്ക് കടക്കുന്നതെന്ന് കൂടിക്കാഴ്ചയ്ക്കു ശേഷം മോദി വ്യക്തമാക്കി.

നിക്ഷേപസംരക്ഷണ കരാറിനായുള്ള ചർച്ചകൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും ഇരുപക്ഷവും ആലോചിക്കുന്നുണ്ട്. ഇതിനു പുറമെ ഇന്ത്യ-മിഡിൽ ഈസ്റ്റ്- യൂറോപ്പ് സാന്പത്തിക ഇടനാഴി പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും മോദി വ്യക്തമാക്കി.

ആഗോള വാണിജ്യം, സുസ്ഥിര വളർച്ച തുടങ്ങിയ മേഖലയിൽ ഈ ഇടനാഴി വലിയ ചുവടുവയ്പായി മാറും. ഇന്തോ- പസഫിക് മേഖലയിലെ സമാധാനം, സുരക്ഷ, സ്ഥിരത, സമൃദ്ധി എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് ഇന്ത്യയും യൂറോപ്യൻ യൂണിയനും യോജിച്ചു. ഇന്ത്യ-യൂറോപ്യൻ യൂണിയൻ പങ്കാളിത്തം ഉയർത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനും നിരവധി തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്നും മോദി ചൂണ്ടിക്കാട്ടി. വ്യാപാരമേഖലയിൽ ഇന്ത്യയുമായുള്ള സഹകരണം ശക്തിപ്പെടുത്തുകയായിരുന്നു യൂറോപ്യൻ യൂണിയൻ പ്രസിഡൻറിന്റെയും മറ്റ് യൂറോപ്യൻ യൂണിയൻ കമ്മീഷണർമാരുടെയും ഇന്ത്യാ സന്ദർശനത്തിന്റെ മുഖ്യലക്ഷ്യം.

# കൂടുതൽ നിക്ഷേപം ആകർഷിക്കാൻ ഇറക്കുമതി ചുങ്കം കുറയ്ക്കണം: ലോകബാങ്ക്

വാഷിംഗ്ടൺ ഡിസി: കൂടുതൽ വിദേശ നിക്ഷേപം ആകർഷിക്കാൻ ഇന്ത്യ ഇറക്കുമതി ചുങ്കം കുറയ്ക്കുകയും നിയന്ത്രണ പരിഷ്കാരങ്ങൾ അവതരിപ്പിക്കുകയും വേണമെന്ന് ലോക ബാങ്ക് റിപ്പോർട്ട്. 2047-ഓടെ ഇന്ത്യ ഉയർന്ന വരുമാനമുള്ള രാജ്യമാകണമെങ്കിൽ, പ്രതിശീർഷ വരുമാനം ഇപ്പോഴുള്ളതിന്റെ എട്ടിരട്ടിയോളം വളരണമെന്നും റിപ്പോർട്ട് എടുത്തുകാട്ടുന്നു. ഇന്ത്യയുടെ ദേശീയ പ്രതിശീർഷ വരുമാനം (ജിഎൻഐ) 2023ൽ 2,540 യുഎസ് ഡോളറാണെന്ന് ലോകബാങ്ക് റിപ്പോർട്ടിൽ പരാമർശിച്ചു. ഉത്പാദനക്ഷമതയും സാന്പത്തിക വിപുലീകരണവും വർധിപ്പിക്കുന്നതിൽ വ്യാപാരത്തോടുള്ള തുറന്ന മനോഭാവം പ്രധാന പങ്കുവഹിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു. ഒരു ദശാബ്ദം മുന്പുള്ളതിനേക്കാൾ ഇന്ത്യയിൽ കുറഞ്ഞ വ്യാപാരമാണ് നടക്കുന്നത്.

സേവന കയറ്റുമതിയിൽ, പ്രത്യേകിച്ച് ഐടിയിലും ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗിലും (ബിപിഒ) രാജ്യം മികച്ച പ്രകടനം കാഴ്ചവച്ചപ്പോൾ, സന്പദ്വ്യവസ്ഥയിലെ മൊത്തത്തിലുള്ള വ്യാപാര വിഹിതം കുറഞ്ഞു. 2023ൽ, ഇന്ത്യയുടെ ജിഡിപിയിൽ ചരക്ക് സേവന കയറ്റുമതി, ഇറക്കുമതി എന്നിവയുടെ പങ്ക് 46% ആയിരുന്നു. ഇത് 2012ലെ ഏറ്റവും ഉയർന്ന 56%-ത്തേക്കാൾ കുറവാണ്. താരതമ്യേന ഉയർന്ന ഇറക്കുമതി തീരുവകൾ-പ്രത്യേകിച്ച് ഇൻറർമീഡിയറ്റ്, ക്യാപിറ്റൽ ഗുഡ്സ്- തീരുവ ഇതര തടസങ്ങൾക്കൊപ്പം, വ്യാപാരച്ചെലവ് ഉയർത്തിയതായി ലോകബാങ്ക് ചൂണ്ടിക്കാട്ടി. ഇത്, ഗ്ലോബൽ വാല്യു ചെയിൻ (ജിവിസി) സന്പൂർണമായി സംയോജിപ്പിക്കുന്നത് ഇന്ത്യക്ക് ബുദ്ധിമുട്ടുണ്ടാക്കി.

# ഇപിഎഫ് പലിശനിരക്ക് 8.25% തുടരും

ന്യൂഡൽഹി: എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് (ഇപിഎഫ്ഒ) നിക്ഷേപങ്ങളുടെ പലിശനിരക്ക് മുൻവർഷത്തേതിനു സമാനമായ 8.25 ശതമാനമായി നിലനിർത്തി സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ് (സിബിടി). കഴിഞ്ഞ വർഷം ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായാണ് പലിശനിരക്ക് മൂന്നു വർഷത്തിനിടെ ഏറ്റവും ഉയർന്ന നിരക്കിലേക്ക് ഉയർത്തിയത്.

2022- 23 സാന്പത്തിക വർഷത്തിൽ 8.15 ശതമാനമായിരുന്ന പലിശനിരക്കിലായിരുന്നു വലിയ മാറ്റം വരുത്തിയത്. എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷ്വറൻസ് (ഇഡിഎൽഎ) സ്കീമിനു കീഴിൽ ഒരു വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കാതെ ഇപിഎഫ് അംഗം മരിക്കുന്ന സാഹചര്യത്തിൽ അനന്തരാവകാശിക്ക് 50, 000 രൂപ ഇൻഷ്വറൻസ് ലഭിക്കും. നേരത്തെ, രണ്ടു സ്ഥാപനങ്ങളിലെ ജോലി പ്രവേശനത്തിൽ ഒന്നോ രണ്ടോ ദിവസത്തെ ഇടവേളയുണ്ടായാൽ ഇഡിഎൽഎ ആനുകൂല്യത്തെ ബാധിച്ചിരുന്നു.

രണ്ടു മാസംവരെ ഇടവേളയുണ്ടായാലും സേവനത്തുടർച്ച കണക്കാക്കി ഇഡിഎൽഎ ആനുകൂല്യം നൽകാനും ഇന്നലെ ചേർന്ന യോഗത്തിൽ തീരുമാനമായി. ആറു മാസം വരെ വിഹിതം അടയ്ക്കാതിരിക്കുന്ന അംഗത്തിന്റെ പേര് ഇപിഎഫിലുണ്ടെങ്കിൽ അദ്ദേഹത്തിന്റെ നോമിനിക്ക് ആനുകൂല്യം നൽകാനും യോഗത്തിൽ തീരുമാനിച്ചു.

പലിശനിരക്ക് ഉയർത്താത്തതിൽ ജീവനക്കാർ അസംതൃപ്തരാണ്. പണപ്പെരുപ്പവും വിലക്കയറ്റവും പൊതുവായ സാന്പത്തിക ദുരിതവും കണക്കിലെടുത്ത് പലിശനിരക്ക് ഉയർത്തുമെന്ന പ്രതീക്ഷയിലായിരുന്നു ജീവനക്കാർ.

# സാധാരണ കുടുംബങ്ങളിലെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കി: മന്ത്രി ജി. ആർ. അനിൽ

## കരകുളം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ബഹുനില മന്ദിരം ഉദ്ഘാടനം ചെയ്തു

കേരളത്തിലെ സാധാരണ കുടുംബങ്ങളിലെ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കാൻ സർക്കാരിന് സാധിച്ചുവെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ. കരകുളം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ പുതുക്കിയ ഓഡിറ്റോറിയം ഉൾപ്പെട്ട ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടന അനുശാസിക്കുന്ന സമ്പൂർണവും സൗജന്യവുമായ വിദ്യാഭ്യാസം നിരന്തരപ്രയത്നത്തിലൂടെ സാധ്യമാക്കിയ സംസ്ഥാനമാണ് കേരളം. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ സ്മാർട്ട് ക്ലാസ് മുറികൾ, ബഹുനില മന്ദിരങ്ങൾ തുടങ്ങി വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 6000 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. വിദ്യാർത്ഥികളെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികച്ച രീതിയിൽ പ്രാപ്തരാക്കുക, മികച്ച പൗരന്മാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കിയത്. ഇതിന്റെ ഫലമായി 10 ലക്ഷത്തോളം വിദ്യാർത്ഥികളാണ് സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് തിരികെയെത്തിയതെന്നും മന്ത്രി പറഞ്ഞു.കിഫ്ബി ഫണ്ടിൽ നിന്ന് ഒരു കോടി 30 ലക്ഷം രൂപ ചെലവഴിച്ചാണ് ഓഡിറ്റോറിയം ഉൾപ്പെട്ട ബഹുനില മന്ദിരം നിർമിച്ചത്. കിലയുടെ മേൽനോട്ടത്തിലാണ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയത്. രണ്ടു നിലകളിലായി 4583 ചതുരശ്ര അടി വിസ്തീർണത്തിലാണ് കെട്ടിടം നിർമിച്ചിരിക്കുന്നത്. കരകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു. ലേഖാറാണി അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സി. ദിവാകരൻ മുഖ്യാതിഥിയായി പങ്കെടുത്തു. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. അമ്പിളി, കരകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. സുനിൽകുമാർ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി. രാജീവ്, കില റീജിയണൽ മാനേജർ ഹൈറുനിസ. എ, സ്കൂൾ പ്രിൻസിപ്പൽ രാജ്കുമാർ കെ. കെ തുടങ്ങിയവർ പങ്കെടുത്തു.

# നെടുമങ്ങാട് മുത്താരമ്മൻ അമ്മൻകൊട മഹോത്സവം: 200 സോളാർ ലൈറ്റുകൾ സ്ഥാപിക്കും

## മന്ത്രി ജി. ആർ. അനിലിന്റെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു

മാർച്ച് 5 മുതൽ 11 വരെ നടക്കുന്ന നെടുമങ്ങാട് ശ്രീ മുത്താരമ്മൻ ക്ഷേത്രത്തിലെ ഈ വർഷത്തെ അമ്മൻകൊട മഹോത്സവത്തിന് മുന്നോടിയായി നെടുമങ്ങാട് നഗര പ്രദേശത്ത് നഗരസഭയുടെ നേതൃത്വത്തിൽ 200 ഓളം സോളാർ ലൈറ്റുകൾ സ്ഥാപിക്കും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിലിന്റെ അധ്യക്ഷതയിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം. നെടുമങ്ങാടിന്റെ ദേശീയോത്സവം എന്ന പ്രാധാന്യത്തോടെ ഓട്ടം മഹോത്സവം സംഘടിപ്പിക്കും. എല്ലാ വകുപ്പുകളുടെയും ഏകോപനത്തിനു വേണ്ടി നെടുമങ്ങാട് ആർഡിഒ ജയകുമാറിനെ ചുമതലപ്പെടുത്തി. ഉത്സവവുമായി ബന്ധപ്പെട്ട് നഗരപ്രദേശത്ത് കർശനമായ പരിശോധന ഉണ്ടാകണമെന്ന് എക്സൈസ് വകുപ്പിന് മന്ത്രി നിർദേശം നൽകി.

പൊങ്കാല കഴിഞ്ഞ് ഒരു മണിക്കൂറിനുള്ളിൽ തന്നെ ഹരിതകർമ സേനയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമെന്ന് നഗരസഭ അറിയിച്ചു. ഹോട്ടലുകൾ കേന്ദ്രീകരിച്ചുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന പൂർത്തിയായി. താത്കാലിക വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തും.

ഉത്സവപ്രദേശത്തും അനുബന്ധ പ്രദേശത്തും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചു. പൊങ്കാല ദിവസം അധികമായി കുടിവെള്ള ടാങ്കറുകൾ ഏർപ്പാടാക്കും. ഉത്സവ ദിവസങ്ങളിൽ രാത്രിയിൽ ഉൾപ്പെടെ നെടുമങ്ങാട് കെഎസ്ആർടിസി ഡിപ്പോയിൽ നിന്ന് സ്പെഷ്യൽ സർവീസുകൾ ഉണ്ടാകും.

നെടുമങ്ങാട് മുത്താരമ്മൻ ക്ഷേത്രം അമ്മൻകൊട മഹോത്സവവുമായി ബന്ധപ്പെട്ട് മൂന്നാമത്തെ യോഗമാണ് ഇന്ന് ചേർന്നത്. നെടുമങ്ങാട് നഗരസഭാ ചെയർപേഴ്സൺ സി. എസ് ശ്രീജ, നഗരസഭാ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷന്മാർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ, ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# സർവകലാശാലകളുടെ അംഗീകാരം റദ്ദാക്കാനുള്ള അധികാരം യുജിസിക്ക് നൽകുന്നു: കേന്ദ്രം

ന്യൂഡൽഹി: മതത്തിന്റെയോ ജാതിയുടെയോ പേരിലുള്ള വിവേചനം തടയാനുള്ള പുതിയ ചട്ടങ്ങൾ സർവകലാശാലകളുടെ അംഗീകാരം റദ്ദാക്കാനുള്ള അധികാരം യുജിസിക്ക് നൽകുന്നുണ്ടെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ. ജാതിവിവേചനം മൂലം മരിച്ച രോഹിത് വെമുലയുടെയും പായൽ തഡ്വിയുടെയും അമ്മമാർ നൽകിയ ഹർജികളിൽ വാദം കേൾക്കുന്നതിനിടെയാണ് ചട്ടങ്ങളിൽ യുജിസിയുടെ അധികാരം കേന്ദ്രസർക്കാരിനുവേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയിൽ വ്യക്തമാക്കിയത്.

ചട്ടങ്ങൾ പാലിച്ചില്ലെന്നു വ്യക്തമായാൽ ബിരുദം നൽകുന്നതിൽനിന്നും ഓപ്പൺ, വിദൂരപഠന സാധ്യതകൾ നൽകുന്നതിൽനിന്നും യുജിസി പദ്ധതികളിൽ പങ്കെടുക്കുന്നതിൽനിന്നും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒഴിവാക്കാൻ യുജിസിക്കു കഴിയും. അംഗീകൃത സർവകലാശാലകളിൽനിന്ന് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ നീക്കം ചെയ്യാനും യുജിസിക്ക് അധികാരമുണ്ട്. പൊതുജനാഭിപ്രായം അറിയാൻ പുതിയ ചട്ടം യുജിസി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും കേന്ദ്രം അറിയിച്ചു.

# ധാതു പര്യവേക്ഷണം; ലൈസൻസ് ആദ്യലേലം ഈ മാസമെന്നു കേന്ദ്രം

ന്യൂഡൽഹി: ധാതുക്കൾ പര്യവേക്ഷണം ചെയ്യുന്നതിനുള്ള ലൈസൻസിന്റെ (മിനറൽ എക് സ്പ്ലൊറേഷൻ ലൈസൻസ്) ആദ്യലേലം ഈ മാസം നടക്കുമെന്ന് കേന്ദ്ര ഖനി മന്ത്രാലയം. ഖനികളുടെയും ധാതുക്കളുടെയും നിയന്ത്രണത്തിനുള്ള 2023ലെ നിയമത്തിൽ ഭേദഗതി വരുത്തിയാണ് നിർണായകവും ആഴത്തിലുള്ളതുമായ ധാതുക്കൾക്ക് ലേലത്തിലൂടെ പര്യവേക്ഷണ ലൈസൻസ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥ വരുത്തിയതെന്ന് മന്ത്രാലയം അറിയിച്ചു.

കേരളവും ആസാമും ജമ്മുകാഷ്മീരും ധാതുലേല ഭൂപടത്തിൽ ഉടൻ ഇടം പിടിക്കുമെന്നും ഖനി മന്ത്രാലയം അറിയിച്ചു. നിലവിൽ 14 സംസ്ഥാനങ്ങളിലെ ധാതുപര്യവേക്ഷണത്തിനുള്ള ലൈസൻസ് ലേലത്തിലൂടെ നൽകുന്നുണ്ടെന്നും കേരളമടക്കമുള്ള മൂന്നു സംസ്ഥാനങ്ങൾകൂടി ഈ വർഷത്തെ ലേലത്തിൽ പങ്കെടുക്കുമെന്നും കേന്ദ്ര ഖനി മന്ത്രി ജി. കിഷൻ റെഡ്ഢി അറിയിച്ചു.

ഒരു പ്രദേശത്തെ ധാതുക്കൾ പര്യവേക്ഷണം ചെയ്യുന്നതിന് ഏജൻസികൾക്ക് അനുമതി നൽകുന്ന മിനറൽ എക്സ്പ്ലൊറേഷൻ ലൈസൻസ് ലേലം ചെയ്യാനുള്ള അനുവാദം നേരത്തേ സംസ്ഥാനങ്ങൾക്കു നൽകിയിരുന്നെങ്കിലും ഖനന കന്പനികളെ ആകർഷിക്കുന്നതിൽ സംസ്ഥാനസർക്കാരുകൾ പരാജയപ്പെട്ടുവെന്ന് കണ്ടാണ് ലേലം നടത്തുന്നതിനുള്ള ഉത്തരവാദിത്വം കേന്ദ്രം ഏറ്റെടുത്തിരിക്കുന്നത്. ലേലനടപടികളുടെ തുടക്കം മാത്രമാണ് ഇപ്പോൾ നടക്കുന്നതെന്നും പര്യവേക്ഷണ പ്രവർത്തനങ്ങൾക്കായി മൂന്നു വർഷമെങ്കിലും എടുക്കുമെന്നുമാണ് മന്ത്രാലയം അറിയിച്ചത്. അതിനിടെ, കേരളതീരത്ത് കടൽമണൽ ഖനനം ആരംഭിക്കുന്നതിനുമുന്പ് പരിസ്ഥിതി ആഘാത പഠനം നടത്തുമെന്ന് കേന്ദ്ര ഖനി മന്ത്രാലയം സെക്രട്ടറി വി. എൽ. കാന്ത റാവു അറിയിച്ചു.

# മാർപാപ്പയുടെ ആരോഗ്യനില അതീവഗുരുതരം

വത്തിക്കാൻ സിറ്റി: റോമിലെ ജെമെല്ലി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യനില അതീവഗുരുതരമെന്ന് വത്തിക്കാൻ. ഛർദ്ദിയെ തുടർന്നുണ്ടായ ശ്വാസതടസമാണ് ആരോഗ്യനില വീണ്ടും മോശമാകാൻ കാരണമെന്ന് ഇന്നലെ രാവിലെ പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു.

ആപത്ഘട്ടം തരണം ചെയ്തെങ്കിലും ആരോഗ്യനിലയിലെ സങ്കീർണത തുടരുകയാണ്. രോഗത്തിൽനിന്നുള്ള പൂർണമായ മുക്തിക്ക് ഇനിയും ദിവസങ്ങൾ ചികിത്സയിൽ തുടരേണ്ടത് ആവശ്യമാണെന്നും പത്രക്കുറിപ്പിൽ അറിയിച്ചു.

വലിയനോന്പിനു തുടക്കമായി വിഭൂതി ബുധനാഴ്ച സെൻറ് പീറ്റേഴ്സ് ബസിലിക്കയിൽ നടക്കുന്ന തിരുക്കർമങ്ങളിൽ മാർപാപ്പയ്ക്കു പകരം കർദിനാൾ ആഞ്ചലോ ദെ ദൊനാതിസ് മുഖ്യകാർമികത്വം വഹിക്കുമെന്ന് വത്തിക്കാൻ അറിയിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# സൈബർ സുരക്ഷയിൽ കേരള പോലീസ് രാജ്യത്തിന് മാതൃക: മുഖ്യമന്ത്രി

നിർമിത ബുദ്ധിയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനമൊരുക്കി സൈബർ സുരക്ഷാ രംഗത്ത് രാജ്യത്തിനുതന്നെ മാതൃകയായിരിക്കുകയാണ് കേരള പോലീസെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിൻറെ നൂറു ദിന പദ്ധതിയിലുൾപ്പെടുത്തിയ വിവിധ ജില്ലകളിലെ പൊലീസ് മന്ദിരങ്ങളുടെ ഉദ്ഘാടനവും, തറക്കല്ലിടലും, പോലീസ് സേവനങ്ങളെ സംബന്ധിച്ചു പൊതുജനങ്ങൾക്കു അഭിപ്രായം അറിയിക്കുന്നതിനുള്ള പരാതി പരിഹാര സംവിധാനത്തിന്റെ ഉദ്ഘാടനവും തിരുവനന്തപുരത്ത് പോലീസ് ട്രെയിനിങ് കോളേജിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.



പുതിയ പൊലീസ് മന്ദിരങ്ങളുടെയും പരാതിപരിഹാര സംവിധാനത്തിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

ആകെ 62.61 കോടി രൂപ ചെലവഴിച്ചു വിവിധ ജില്ലകളിലായി നിർമാണംപൂർത്തിയാക്കിയ 30 പോലീസ് മന്ദിരങ്ങളുടെ ഉദ്ഘാടനവും ആറ് മന്ദിരങ്ങളുടെ ശിലാസ്ഥാപനവുമാണ് മുഖ്യമന്ത്രി നിർവഹിച്ചത്. കാസർഗോഡ്, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ വനിതാ, സൈബർ പോലീസ് സ്റ്റേഷനുകൾ, കണ്ണൂരിലെ മട്ടന്നൂർ, കണ്ണവം, കൊല്ലം റൂറലിലെ കൊട്ടാരക്കര, ചിതറ, ആലപ്പുഴയിലെ വീയപുരം, ഏറണാകുളം റൂറലിലെ വടക്കേക്കര, മലപ്പുറത്തെ തേഞ്ഞിപ്പാലം, കോഴിക്കോട് റൂറലിലെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനുകൾ, തിരുവനന്തപുരം ജില്ലയിലെ സൈബർ ആസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എനേബിൾഡ് സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ, പോലീസ് ആസ്ഥാനത്തെ ഫോറൻസിക് സയൻസ് ലാബിൽ പുതിയ കെട്ടിടം, സൈബർ ഡിവിഷന്റെ വർക്ക് സ്റ്റേഷൻ, ബയോളജി, ഡി.എൻ.എ, സീറോളജി വിഭാഗത്തിന്റെ വർക്ക് സ്റ്റേഷൻ, പാലക്കാട് ടെലികമ്യൂണിക്കേഷൻ ആൻഡ് ടെക്നോളജി ഓഫീസ് കെട്ടിടം, തിരുവനന്തപുരത്തെ വനിതാ പോലീസ് ബറ്റാലിയനിലെ കമ്പ്യൂട്ടർ ലാബ്, ഏറണാകുളം തേവരയിലെ എസ്.ബി.സി.ഐ.ഡി റേഞ്ച് ഓഫീസ്, പത്തനംതിട്ട ജില്ലാ കണ്ട്രോൾ റൂം, കൊല്ലം റൂറൽ ക്യാമ്പ് ഓഫീസ് കെട്ടിടം, ക്രൈംബ്രാഞ്ചിന്റെ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ഓഫീസ് മന്ദിരം, മലപ്പുറത്തെ സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിന്റെ ക്യാമ്പ് ഓഫീസ്, കാസർഗോഡ് ബേക്കൽ സബ് ഡിവിഷൻ പോലീസ് കണ്ട്രോൾ റൂം, ജില്ലാ ഹെഡ്ക്വാട്ടേഴ്സിലെ ഫുട്ബോൾ ടർഫ്, കോഴിക്കോട് റൂറലിലെ ജില്ലാ പരിശീലന കേന്ദ്രം, കൊല്ലം സിറ്റിയിലെ കസ്റ്റോഡിയൽ ഫെസിലിറ്റേഷൻ സെന്റർ, കൊല്ലം റൂറലിലെ ക്യാമ്പ് ഓഫീസ്, കേരള പോലീസ് അക്കാദമിയിൽ കുട്ടികൾക്കായുള്ള ക്രഷ്, വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരിയിൽ സബ് ഡിവിഷൻ ഓഫീസ്, ലോവർ സബോർഡിനേറ്റ് ക്വാട്ടേഴ്സ് എന്നിവയാണ് ഉദ്ഘാടനം ചെയ്തത്.

സൈബർ ഭീഷണികളെയും സുരക്ഷാ പിഴവുകളെയും മുൻകൂട്ടി കണ്ടെത്തി ഫലപ്രദമായ നടപടി സ്വീകരിക്കുകയും പോലീസ് വകുപ്പിലെ എല്ലാ കംപ്യൂട്ടറുകളുടേയും 24 : 7 നിരീക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നതിനാണ് എ.ഐ എനേബിൾഡ് സെക്യൂരിറ്റി ഓപ്പറേഷൻ സെൻറർ (എസ് ഓ സി) രൂപീകരിച്ചിട്ടുള്ളത്. ആദ്യ ഘട്ടമെന്ന നിലയ്ക്ക് പോലീസ് ആസ്ഥാനത്തെയും, സിറ്റി പോലീസ് കമ്മീഷണറേറ്റ്, എസ്.ഡി.പി.ഒകൾ, സിറ്റി പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ കംപ്യൂട്ടറുകളും അനുബന്ധ സംവിധാനങ്ങളും പരീക്ഷണാടിസ്ഥാനത്തിൽ നിരീക്ഷിച്ചു വരികയാണ്.

പോലീസ് സേവനങ്ങളെ സംബന്ധിച്ചു പൊതുജനങ്ങൾക്ക് അഭിപ്രായം രേഖപെടുത്തുവാനുള്ള അവസരമൊരുക്കുകയാണ് പോലീസിന്റെ പരാതി പരിഹാര സംവിധാനത്തിന്റെ ലക്ഷ്യം. ഓരോ പോലീസ് സ്റ്റേഷനുകളിലും പ്രദർശിപ്പിച്ചിട്ടുള്ള ക്യുആർ കോഡ് സ്കാൻ ചെയ്തു പൊതുജനത്തിന് തങ്ങൾക്കു ലഭ്യമായ സേവനം തൃപ്തികരമാണോ അല്ലയോ എന്ന് രേഖപെടുത്താവുന്നതാണ്.

അടുത്ത കാലത്തായി സമൂഹത്തിൽ പ്രത്യേകിച്ചും യുവതലമുറയിൽ കുറ്റകൃത്യ പ്രവണത വർധിച്ചു വരുന്നുണ്ടെന്നും ഇതിനു കാരണമാകുന്ന സാഹചര്യങ്ങളെ കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് പോലീസ് മുൻകയ്യെടുക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ 2023 ലെ മികച്ച പോലീസ് സ്റ്റേഷനുകൾക്കുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം കരസ്ഥമാക്കിയ വിവിധ പോലീസ് സ്റ്റേഷനുകൾക്കുള്ള അവാർഡുകൾ വിതരണം ചെയ്യുകയും, അർജുന അവാർഡ് കരസ്ഥമാക്കിയ കെ.എ.പി ഒന്നാം ബറ്റാലിയനിലെ അസി. കമാൻറന്റ് സജൻ പ്രകാശ്, പദമശ്രീ അവാർഡ് കരസ്ഥമാക്കിയ മലബാർ സ്പെഷ്യൽ ബറ്റാലിയനിലെ അസി. കമാൻറൻറ് ഐ.എം. വിജയൻ എന്നിവരെ ആദരിക്കുകയും ചെയ്തു.ആൻറണി രാജു എം.എൽ.എ അധ്യക്ഷനായ ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് ഐ.പി.എസ് സ്വാഗതം ആശംസിച്ചു. എ.ഡി.ജി.പിമാരായ മനോജ് എബ്രഹാം, എച്. വെങ്കടേഷ്, എസ്. ശ്രീജിത്ത് മറ്റ് ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു.

## മാലിന്യം വലിച്ചെറിയലും കത്തിക്കലും: 2820 വാട്സാപ്പ് പരാതികളിൽ നടപടി

സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുക, കത്തിക്കുക, ജലാശയങ്ങളിൽ മാലിന്യം ഒഴുക്കിവിടുക, മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുക തുടങ്ങിയവ സംബന്ധിച്ച് ലഭിച്ച വാട്സ് ആപ്പ് പരാതികളിൽ 2820 എണ്ണത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ നടപടി. 2150 എണ്ണം തീർപ്പാക്കി. 200 പരാതികളിൽ കുറ്റക്കാർക്ക് 18,72,320/ രൂപ പിഴചുമത്തി. 8,92,840 രൂപ ഇതുവരെ ഈടാക്കുകയും ചെയ്തു.

മാലിന്യങ്ങൾ നിയമവിരുദ്ധമായി കൈകാര്യം ചെയ്യുന്നവരെ കണ്ടെത്തുന്നതിനായി ഇക്കഴിഞ്ഞ സെപ്തംബർ മാസമാണ് 9446700800 വാട്സാപ്പ് നമ്പർ ആരംഭിച്ചത്. നമ്പർ നിലവിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നും 4818 പരാതികൾ ലഭിച്ചു. തിരിച്ചറിയാൻ കഴിയുന്ന വിവരങ്ങളുള്ള പരാതികളിന്മേലാണ് നടപടി സ്വീകരിച്ചത്. പിഴയ്ക്കു പുറമേ, നിയമലംഘനം നടത്തിയ 11 പേരുടെമേൽ പ്രോസിക്യൂഷൻ നടപടികളും പുരോഗമിക്കുകയാണ്.നിയമലംഘനം കണ്ടെത്തിയാൽ ഇതിന്മേൽ ഈടാക്കുന്ന തുകയുടെ 25 ശതമാനം പരാതിക്കാർക്ക് ലഭ്യമാക്കും. ഇതുവരെ ഇത്തരത്തിൽ 28,500 രൂപ പ്രഖ്യാപിക്കുകയും 18,000 രൂപ വിതരണം ചെയ്യുകയും ചെയ്തു.പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുന്ന സംഭവങ്ങളിൽ വ്യക്തികളെയോ വാഹന നമ്പറോ തിരിച്ചറിയാൻ കഴിയുംവിധം ഫോട്ടോ/ വീഡിയോ പകർത്തി 9446700800 വാട്സ്ആപ്പ് നമ്പറിലേക്ക് അയയ്ക്കണമെന്ന് ശുചിത്വമിഷൻ ഡയറക്ടർ യു.വി.ജോസ് അറിയിച്ചു.

## ആറ്റുകാൽ പൊങ്കാല 13ന്

തിരുവനന്തപുരം: ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല ഉത്സവം മാർച്ച് അഞ്ചിന് ആരംഭിച്ച് 14ന് സമാപിക്കും. മാർച്ച് 13നാണ് പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല. അഞ്ചിനു രാവിലെ 10ന് ദേവിയെ കാപ്പുകെട്ടി കുടിയിരുത്തുന്നതോടെ തോറ്റംപാട്ട് തുടങ്ങും. വൈകുന്നേരം ആറിനു കലാപരിപാടികളുടെ ഉദ്ഘാടനം ചലചിത്രതാരം നമിതാ പ്രമോദ് നിർവഹിക്കും. ചടങ്ങിൽ ആറ്റുകാൽ അംബാ പുരസ്കാരം ഡോ. കെ. ഓമനക്കുട്ടിക്കു സമർപ്പിക്കുമെന്നു ക്ഷേത്രം ട്രസ്റ്റ് ഭാരവാഹികളായ എസ്. വേണുഗോപാൽ, വി. ശോഭ, കെ. ശരത്കുമാർ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. അംബ, അംബിക, അംബാലിക എന്നീ വേദികളിലാണ് വിവിധ കലാപരിപാടികൾ നടക്കുന്നത്. രാവിലെ അഞ്ചു മുതൽ രാത്രി വരെ ഭജന, പുരാണപാരായണം, ശാസ്ത്രീയനൃത്തം, ഭരതനാട്യം തുടങ്ങിയ ക്ഷേത്രകലകൾ അരങ്ങേറും. അഞ്ചിനു രാത്രി 10ന് സൂര്യ ഫിലിം സൊസൈറ്റി അവതരിപ്പിക്കുന്ന മെഗാഷോ.

ആറിനു രാത്രി എട്ടിനു ചലച്ചിത്രതാരം ജയരാജ് വാര്യരും പിന്നണി ഗായകൻ കല്ലറ ഗോപനും നയിക്കുന്ന മധുര സംഗീത രാത്രി. ഏഴിന് വൈകുന്നേരം 6.30ന് എഡിജിപി ശ്രീജിത്തും സംഘവും നയിക്കുന്ന സംഗീത സന്ധ്യ. 10ന് സംഗീതസംവിധായകൻ മനോ നയിക്കുന്ന ഗാനമേള. ഒന്പതിനു വൈകുന്നേരം ആറിനു 101 കലാകാരൻമാരെ അണിനിരത്തി ചലച്ചിത്രതാരം ജയറാം നയിക്കുന്ന പഞ്ചാരിമേളം ക്ഷേത്രത്തിന് മുൻവശത്തു നടക്കും. പത്തിന് രാത്രി 10ന് അംബയിൽ പിന്നണി ഗായകൻ അതുൽ നറുകര നയിക്കുന്ന നാടൻപാട്ട്. 11ന് രാത്രി 10ന് താരങ്ങളായ പത്മപ്രിയ, മിയ, പ്രിയങ്ക നായർ തുടങ്ങിയവരുടെ നേതൃത്വത്തിൽ താളമേളം മെഗാഷോ. മൂന്നാം ഉത്സവ ദിവസമായ മാർച്ച് ഏഴിന് രാത്രി 9.15ന് കുത്തിയോട്ട വ്രതാരംഭം. 13ന് രാവിലെ 10. 15ന് പൊങ്കാലയുടെ അടുപ്പുവെട്ട്. ഉച്ചക്ക് 1.15ന് പൊങ്കാല നിവേദ്യം. രാത്രി 7.45ന് കുത്തിയോട്ടത്തിനുള്ള ചൂരൽകുത്ത്. രാത്രി 11.15ന് മണക്കാട് ശാസ്താക്ഷേത്രത്തിലേക്കുള്ള പുറത്തെഴുന്നള്ളിപ്പ്. 14ന് രാവിലെ എട്ടിന് അകത്തെഴുന്നള്ളിപ്പ്. ഒരു മണിക്ക് നടക്കുന്ന കുരുതി തർപ്പണത്തോടെ ഉത്സവം സമാപിക്കും. ഉത്സവ ദിവസങ്ങളിൽ രാവിലെ 10. 30 മുതൽ അംബ, കാർത്തിക ആഡിറ്റോറിയങ്ങളിൽ പ്രസാദ ഊട്ട് ഉണ്ടായിരിക്കം. ഉത്സവത്തിന്റെ നടത്തിപ്പിനുള്ള എല്ലാ ഒരുക്കങ്ങളും സർക്കാർ തലത്തിൽ പൂർത്തിയായതായും അധികൃതർ അറിയിച്ചു. ട്രസ്റ്റ് ഭാരവാഹികളായ എ. ഗീതാകുമാരി, പി. കെ. കൃഷ്ണൻനായർ, എ. എസ്. അനുമോദ് എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## വാർഡു വിഭജനം : ഒൻപത് തദ്ദേശസ്ഥാപനങ്ങളിലെ ഹിയറിംഗ് മാർച്ച് 17ലേക്ക് മാറ്റി

ഒൻപത് തദ്ദേശസ്ഥാപനങ്ങളിലെ വാർഡ് വിഭജനം സംബന്ധിച്ച പരാതിക്കാർക്കായുള്ള ഡീലിമിറ്റേഷൻ കമ്മീഷൻ ഹിയറിംഗ് മാർച്ച് 17 ലേക്ക് മാറ്റിയതായി കമ്മീഷൻ ചെയർമാൻ അറിയിച്ചു. രാവിലെ ഒൻപത് മണി മുതൽ കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ഹിയറിംഗ് നടത്തും.

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റി രാവിലെ ഒൻപത് മണിക്കും, മുക്കം, പയ്യോളി, ഫറോക്ക് മുനിസിപ്പാലിറ്റികൾ 10 മണിക്കും, കണ്ണൂർ ജില്ലയിലെ പാനൂർ, മട്ടന്നൂർ, ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റികൾ 11 മണിക്കും, പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റി, കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്ത് എന്നിവ ഉച്ചയ്ക്ക് 12 മണിക്കുമാണ് ഹിയറിംഗ്.വാർഡ് വിഭജനം സംബന്ധിച്ച് ഡിസംബർ നാല് വരെ ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ പരാതി നൽകിയിട്ടുള്ളവരെയാണ് ഡീലിമിറ്റേഷൻ കമ്മീഷൻ നേരിൽ കേൾക്കുന്നത്.മാർച്ച് ഏഴിന് തിരുവനന്തപുരത്ത് നടത്താനിരുന്ന ഹിയറിംഗാണ് 17ന് കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലേക്ക് മാറ്റിയത്.

## പ്രത്യേക അഫിലിയേഷൻ വേണ്ട; സിബിഎസ്ഇ സ്കൂളുകൾക്ക് പുതിയ ശാഖകൾ തുടങ്ങാം എസ്. ആർ. സുധീർ കുമാർ

കൊല്ലം: സ്കൂളുകളുടെ അഫിലിയേഷൻ നിബന്ധനകളിൽ ഇളവ് വരുത്തി സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ (സിബിഎസ്ഇ). നിലവിലുള്ള നിയമ പ്രകാരം സിബിഎസ്ഇ സ്കൂൾ മാനേജ്മെൻറുകൾക്ക് മറ്റൊരു സ്കൂൾ തുടങ്ങാൻ പ്രത്യേക അഫിലിയേഷൻ നിർബന്ധമായിരുന്നു.

ഇനി മുതൽ അത് വേണ്ടെന്നാണ് ബോർഡ് തീരുമാനം. ഒരേ പേരും അഫിലിയേഷൻ നമ്പരും ഉപയോഗിച്ച് സ്കൂളുകളുടെ ശാഖകൾ തുടങ്ങാൻ അനുമതി നൽകുന്നതാണ് ബോർഡിന്റെ പ്രധാന പരിഷ്കരണം.

2026-27 അക്കാദമിക് സെഷൻ മുതൽ സിബിഎസ്ഇ പോർട്ടലിൽ ഇതു സംബന്ധിച്ചുള്ള അപേക്ഷകൾ സ്വീകരിക്കും. ഒരേ പേരും അഫിലിയേഷൻ നമ്പരും ഉപയോഗിക്കാമെങ്കിലും ഇങ്ങനെ തുടങ്ങുന്ന സ്കൂളുകൾക്ക് വിദ്യാഭ്യാസ-അടിസ്ഥാന സൗകര്യങ്ങളും ഇതര സംവിധാനങ്ങളും പ്രത്യേകം ഉണ്ടായിരിക്കമെന്നും പ്രധാന നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിദ്യാർഥികൾക്ക് പ്രധാന സ്കൂളിൽ നിന്ന് ശാഖാ സ്കൂളിലേക്ക് മാറുന്നതിന് തടസങ്ങൾ ഒന്നും ഉണ്ടാകില്ല. എന്നാൽ ഇത്തരത്തിലെ മാറ്റം പുതിയ അഡ്മിഷനായി പരിഗണിക്കുകയില്ലന്നും സിബിഎസ്ഇ പുറത്തിറക്കിയ പുതിയ ചട്ടത്തിൽ പറയുന്നു. പ്രധാന സ്കൂളിൽ ആറു മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ അധ്യയനം നടത്താനാണ് നിലവിൽ അനുമതിയുള്ളത്.

എന്നാൽ ശാഖാ സ്കൂളുകൾക്ക് പ്രീ പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള പഠനം നടത്താൻ മാത്രമേ അനുവാദം ഉണ്ടാകുകയുള്ളൂ. പ്രധാന സ്കൂളിന്റെയും ശാഖയുടെയും മാനേജ്മെൻറും ഉടമസ്ഥതയും ഒന്നു തന്നെ ആയിരിക്കും. ഇവിടങ്ങളിൽ ഒരേ തരത്തിലുള്ള പഠന-അഡ്മിനിസ്ട്രേറ്റീവ് രീതികൾ പിന്തുടരുകയും വേണം.

സ്കൂളുകളുടെ വെബ്സൈറ്റും ഒന്നു തന്നെ ആയിരിക്കണം. എന്നാൽ അതിനുള്ളിൽ ഉപസ്കൂളിന് പ്രത്യേക സെക്ഷൻ ഉണ്ടായിരിക്കണമെന്നും ബോർഡിന്റെ പുതിയ ചട്ടത്തിൽ നിഷ്കർഷിക്കുന്നു. അഡ്മിഷനുകളും അക്കൗണ്ടുകളും പ്രധാന സ്കൂളിന്റെ മേൽനോട്ടത്തിൽ തന്നെയാണ് നടത്തേണ്ടത്. അഞ്ചാം ക്ലാസ് വരെ ശാഖാ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ ആറാം ക്ലാസിൽ സ്വമേധയാ പ്രധാന സ്കൂളിലേക്ക് മാറ്റപ്പെടും. ഇത് പുതിയ അഡ്മിഷനായി കണക്കാക്കില്ല.

ഇരു സ്കൂളുകൾക്കും പ്രത്യേക അധ്യാപക - അനധ്യാപക ജീവനക്കാർ ഉണ്ടാവും. എന്നാൽ ഇവർക്ക് ശമ്പളം വിതരണം ചെയ്യേണ്ടത് പ്രധാന സ്കൂളിൽ നിന്നുതന്നെ ആയിരിക്കണമെന്നും പുതിയ വ്യവസ്ഥയിൽ പറയുന്നു. മാത്രമല്ല സിബിഎസ്ഇയുടെ എല്ലാ ആശയ വിനിമയങ്ങളും പ്രധാന സ്കൂളിന്റെ പ്രിൻസപ്പലുമായിട്ടായിരിക്കുമെന്നും പുതിയ നിബന്ധനകളിൽ എടുത്തു പറയുന്നുമുണ്ട്.

## ലഹരി മാഫിയക്ക് നാടിനെ തീറെഴുതിയതിന്റെ ദുരന്തമാണ് ക്രമസമാധാന തകർച്ച: കെ. സുധാകരൻ എംപി

തിരുവനന്തപുരം: പ്രായപൂർത്തി ആവുന്നതിനു മുൻപേ കൂടെ പഠിക്കുന്ന സഹപാഠിയെ ടാർഗറ്റ് ചെയ്തു ആക്രമിച്ചു കൊലപ്പെടുത്തുന്ന നിലയിലേക്ക് പിണറായി ഭരണത്തിൽ കേരളം അധപ്പതിച്ചെന്ന് കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എംപി

. താമരശ്ശേരിയിൽ പത്താംക്ലാസ് വിദ്യാർത്ഥി ഷഹബാസ് മരിച്ച സംഭവത്തിൽ ഫേസ്ബുക്കിലൂടെയായിരുന്നു കെ. സുധാകരന്റെ പ്രതികരണം. പുറത്തുവന്ന ശബ്ദ സന്ദേശങ്ങളിൽ നിന്നും ആ ആക്രമണം കരുതിക്കൂട്ടി ചെയ്തതാണ് എന്നാണ് വ്യക്തമാവുന്നത്. അധികാരം നിലനിർത്തുന്നതിനായി നാടിനെ ലഹരി മാഫിയക്ക് തീറെഴുതിയിരിക്കുന്ന പിണറായി സർക്കാരും അതിന് ഒത്താശ പാടുന്ന ഉദ്യോഗസ്ഥ വൃന്ദവുമാണ് കേരളത്തിലെ ക്രമസമാധാന തകർച്ചയ്ക്ക് ഉത്തരവാദികൾ. ക്രിമിനലുകളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് പിണറായി സർക്കാരിന്റേത്. കൺമുമ്പിൽ അക്രമങ്ങൾ നടക്കുമ്പോൾ അതൊക്കെ രക്ഷാപ്രവർത്തനമാണെന്ന് പറഞ്ഞ മുഖ്യമന്ത്രി കേരളത്തിലെ മുഴുവൻ ക്രിമിനലുകളുടെയും സംരക്ഷകനും റോൾ മോഡലുമായി. സംസ്ഥാനത്തെ ഒരു എംഎൽഎയുടെ മകനെ കഞ്ചാവുമായി പിടികൂടിയതിനു കേസ് രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി വിശദീകരണം തേടുന്ന സാഹചര്യമടക്കം ഉണ്ടായി എന്നത് സർക്കാർ ആർക്കൊപ്പമാണ് നിലകൊള്ളുന്നത് എന്നതിന് ഉദാഹരണമാണ്.

മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെടുന്ന ബഹുഭൂരിപക്ഷം പ്രതികൾക്കും സിപിഎം നേതാക്കളുടെ സംരക്ഷണം ഉള്ളതിനാൽ അവർക്കെതിരെ കേസെടുക്കാൻ പോലും ഉദ്യോഗസ്ഥർ ഭയപ്പെടുകയാണെന്നും കെ. സുധാകരൻ കുറ്റപ്പെടുത്തി.

## മദ്യലഹരിയിൽ ആത്മഹത്യാശ്രമം; രക്ഷിച്ചു വീട്ടിലെത്തിച്ചയാളെ വെട്ടിക്കൊലപ്പെടുത്തി 20കാരൻ

കൊല്ലം: റെയിൽപാളത്തിൽനിന്നു രക്ഷിച്ചയാളെ വെട്ടിക്കൊലപ്പെടുത്തി ഇരുപതുകാരൻ. കൊല്ലം മൺറോത്തുരുത്തിൽ വെള്ളിയാഴ്ച രാത്രി ഏഴരയോടെയാണ്. കിടപ്രം വടക്ക് പുതുവയലിൽ വീട്ടിൽ ചെമ്മീൻ കർഷക തൊഴിലാളി സുരേഷ് (42) ആണ് മരിച്ചത്.

ആക്രമണത്തിനുശേഷം ഒളിവിൽപ്പോയ മരംകയറ്റത്തൊഴിലാളി കിടപ്രം വടക്ക് ലക്ഷംവീട് കാട്ടുവരമ്പിൽ അമ്പാടി (20)യെ കിഴക്കെ കല്ലട പോലീസും നാട്ടുകാരും ചേർന്ന് രാത്രിയിൽ പിടികൂടി. ഒട്ടേറെ ക്രിമിനൽ കേസുകളിൽ പ്രതിയാണ് അമ്പാടി.

വെള്ളിയാഴ്ച വൈകുന്നേരം പടിഞ്ഞാറെ കല്ലട കല്ലുംമൂട്ടിൽ ക്ഷേത്രത്തിൽ ഉത്സവത്തിനിടെ പ്രശ്നങ്ങളുണ്ടാക്കിയ അമ്പാടിയെ നാട്ടുകാർ സ്ഥലത്തുനിന്ന് ഓടിച്ചുവിട്ടിരുന്നു. തുടർന്ന് മദ്യലഹരിയിൽ സമീപത്തെ റെയിൽപാളത്തിലേക്ക് കയറി ഇയാൾ ആത്മഹത്യാഭീഷണി മുഴക്കി.

തുടർന്ന് സുരേഷിന്റെ നേതൃത്വത്തിൽ അമ്പാടിയെ നാട്ടുകാർ പാളത്തിൽ നിന്നു മാറ്റി. ഇയാളെ സുരേഷ് തന്നെ വീട്ടിലെത്തിക്കുകയും ചെയ്തു. എന്നാൽ, വീട്ടിനുള്ളിലേക്ക് കയറിപ്പോയ അമ്പാടി കൊടുവാളുമായി ഇറങ്ങിവന്ന് പിന്നിലൂടെയെത്തി സുരേഷിന്റെ കഴുത്തിന് വെട്ടുകയായിരുന്നു.

ഉടൻതന്നെ പഞ്ചായത്ത് അംഗവും നാട്ടുകാരും ചേർന്ന് സുരേഷിനെ ശാസ്താംകോട്ട ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു. ശാസ്താംകോട്ട ഡിവൈഎസ്പി, കിഴക്കേകല്ലട എസ്എച്ച്ഒ എന്നിവരുടെ നേതൃത്വത്തിൽ പോലീസ് എത്തി മൃതദേഹം ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി.

## പത്താം ക്ലാസ് സെൻറ് ഓഫ് ആഘോഷമാക്കാൻ കഞ്ചാവ്; വില്പനക്കാരൻ അറസ്റ്റിൽ

കാസർഗോഡ്: പത്താം ക്ലാസ് സെൻറ് ഓഫ് പരിപാടിക്ക് കൊഴുപ്പേകാൻ കഞ്ചാവ് ലഹരിയും. കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വിദ്യാലയത്തിൽ കഴിഞ്ഞദിവസമാണ് സംഭവം. സെൻറ് ഓഫ് പരിപാടിക്ക് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന രഹസ്യവിവരം പോലീസിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എസ് ഐ എം. പി. പ്രദീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള വനിതാ പോലീസ് അടക്കമുള്ള സംഘം സ്കൂളിലെത്തി.പരിശോധനയിൽ നാലു വിദ്യാർഥികളിൽനിന്നും 12.06 ഗ്രാം കഞ്ചാവ് കണ്ടെത്തി. ഈ വിദ്യാർഥികളുടെ സാമൂഹിക പശ്ചാത്തല റിപ്പോർട്ട് പോലീസ് തയാറാക്കി. കഞ്ചാവ് എത്തിച്ചുനൽകിയത് ചെമ്മനാട് കളനാട് സ്വദേശി കെ. കെ. സമീർ (34) ആണെന്ന് വിദ്യാർഥികൾ മൊഴി നൽകി. പിടികൂടാൻ പോയ പോലീസ് സംഘത്തെ സമീർ ആക്രമിച്ചു. സിവിൽ പോലീസ് ഓഫീസർ നീരച്ചാൽ കുണ്ടിക്കാനയിലെ സി. എച്ച്. ഭക്തശൈവന്റെ കൈ തിരിച്ചൊടിച്ചു. ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിനും ആക്രമിച്ചതിനും വിദ്യാർഥികൾക്ക് കഞ്ചാവ് നൽകിയതിനുമടക്കം കേസെടുത്ത മേൽപ്പറമ്പ് പോലീസ് പ്രതിയെ അറസ്റ്റ് ചെയ്തു.